Registered No. M-4485 Madras War Review, Malayalam—5-1-1945

# യുദ്ധസഞ്ചിക

വോള്യം IV] മദിരാശി: 1945 ജനുവരി 5-ാംനു, വെള്ളിയാഴ്ച [ലക്കം 17



ജനറൽ മക്ആർതറുടെ നേതൃത്വത്തിൽ ഫിലിപ്പൈൻസ് ആക്രമിച്ച സേനയുടെ ഒരു വിഭാഗം

## വിഷയവിവരം


നവവർഷസന്ദേശം

ആക്രമണത്തിന്നുള്ള പ്രാരംഭകൃത്യങ്ങൾ

ആഴ്ചക്കുറിപ്പുകൾ

പട്ടാളത്തിൽ ചേർന്നതിനാൽ

ത്യാഗിനി

ഇന്ത്യ കടൽമാർഗ്ഗമുള്ള ആക്രമണത്തിന്നു തയ്യാറാവുന്നു

മാർഷൽ ടോംബുക്കിൻ

നാസികൾ ഭൂഗർഭത്തിലേയ്ക്കു പോകും

ആറ്റുംമണമ്മൽ ഉണ്ണിയാർച്ച അഥവാ ഒരു ധീരവനിത.


# നവവർഷസന്ദേശം

(എം. ഗോവിന്ദൻ)

(കേക)

(1)

പാഴിലായ് പഴമകൾ
നെയ്യോരാവലയ്ക്കുള്ളിൽ,
പാഴിലക്കൂട്ടിന്നക-
ത്തിഴയ്ക്കും പുഴുവെപ്പോൽ,
വാഴുകയെന്നോ നിങ്ങൾ
ധീക്ഷണാഢ്യന്മാരേ,
തോഴരേ! ആലിംഗനം
ചെയ്യുയോ ശവത്തിനെ?

(2)

നരനും ദൈവത്തിന്നും
നടുവിൽ സ്വയംസൃഷ്ടി-
ച്ചൊരുസ്വർഗ്ഗത്തിൽ ചെന്നി-
ട്ടൊളിക്കാൻ ശ്രമിക്കായ്വിൻ.
മരിച്ചുമണ്ണായ്പ്പോഞ്ഞ
"ഭൂത"ത്തിൻ സ്മരണകൾ
കുഴിച്ചുമൂടി പരി-
ശുദ്ധരായെത്തീടുവിൻ,
ജീവിതച്ചെമ്മുന്തിരി-
ച്ചാറിങ്കൽ ചുവപ്പേറ്റി
പാവിതമാക്കും "വർത്ത
മാന"ത്തെയെതിരേല്ക്കാൻ.
പുത്തനായ്ത്തീരു, പൂവു
പോലവെ, വികസിയ്ക്കു,
ഹൃത്തിനെ പുണരട്ടെ
പൂതമാംപുളകങ്ങൾ!
മധുര, മുന്മാദക-
മാസ്വാദ്യമനോഹരം
പുതുമനീട്ടികാട്ടും
മദകലഹരികൾ!!
ജരയും നരയുമാമ്പ്
ജീവിതാസവമെല്ലാം
നുരയും പതയുമാ-
യാവിയായ് പോവുംമുമ്പെ,
ആസ്വദിയ്ക്കാത്താത്മീയ-
സ്വപ്നത്തിൻ മയക്കത്തിൽ
ദാസ്യരായനാശാസ്യം
നാളുകൾ നീക്കീടായ്വിൻ!

(3)

സമുദായത്തിൻ പൂവൻ-
കോഴികൾ, കവീന്ദ്രന്മാ-
രുണരാഞ്ഞാലെങ്ങിനെ
യുൽബുദ്ധമാകും ലോകം?
അവർതന്നാഹ്വാനങ്ങ-
ളാനന്ദസന്ദായകം,
അവിതർക്കിതം, രക്ത
തീക്ഷ്ണതാസംവർദ്ധിതം.

(4)

പ്രേമഗാനങ്ങൾ പാടാൻ
മാത്രമായുള്ള വെറും
വേണുവായ്ത്തീർന്നാൽപ്പോരാ
ജീവിതം ഭവദീയം.
അടിമപ്പണ്ടങ്ങളാ-
യവശന്മാരായ്, പാടു-
പെടുമാപ്പാവങ്ങളി-
ലിത്തിരിയുണർവ്വേറ്റാൻ;
പാടുവിൻ ചൂടേറ്റീടും
പാട്ടുകൾ, തീനാളങ്ങൾ
പോലവെയവർഞെട്ടി
ത്തെറിച്ചിട്ടുണരട്ടെ!

(5)

കൈവിരൽ തങ്കവീണ-
മീട്ടുവാനല്ലല്ലിപ്പോൾ
കൈത്തോക്കിൻ കൊത്തിയമർ-
ത്തീടുവാനത്രെ പാർത്താൽ;
ശൃംഗാരഗാനപൂർണ്ണ
രംഗമല്ലേതും വിശ്വം;
പിന്നെയോ? മഹായുദ്ധം
നടക്കും പടക്കളം.
ആരെയും ഞെട്ടിച്ചീടു-
മാഹവകാഹളങ്ങ
ളാണിന്നു മുഴങ്ങേണ്ടു
തിഴഞ്ഞു പാട്ടല്ലൊട്ടും!

(6)

"നാളത്തെയെല്ലാത്തിന്നും
നമ്മൾക്കാണവകാശം"
നീളവെ മുഴക്കുവിൻ
മന്ത്രമായിസ്സന്ദേശം:
"നാളയാണല്ലോ നമ്മൾ
നമ്മളായ്ത്തീരുംനേരം;
നാളത്തെ ലോകത്തിന്റെ
നായകരല്ലോ നമ്മൾ,
അരിയെ നശിപ്പിക്കാ,—
നടരിൽ ജയിയ്ക്കുവാൻ
പൊരുതൂ തോഴാ, വീണ്ടും
പൊരുതൂ ധീരധീരം!!
വിജയം നൂനം നമ്മൾ-
ക്കാരണാങ്കണം നാളെ
യജമാനത്തത്തിന്റെ
ശവസംസ്കാരസ്ഥലം.
വളരുമാവെണ്ണീറിൽ,
സമത്വസാഹോദര്യം
വിളയുമൊരു ലോകം
സ്വാതന്ത്ര്യപരിപൂർണ്ണം!"

(7)

വീരയോദ്ധാക്കന്മാർതൻ
വാൾത്തലപ്പോടൊപ്പമ-
ത്തൂലികത്തുമ്പും പോരിൽ
പങ്കെടുക്കട്ടേ വേഗം.
മടിച്ചു നില്ക്കുന്നോരും
സംശയസ്തിമിതരായ്,-
പഠിച്ച നിങ്ങൾക്കേവം
പേടിയോ സഖാക്കളേ?

(8)

നവലോകത്തിൽ ഭവ്യ-
നിർമ്മാണമസാദ്ധ്യംതാൻ,
കവിതൻ കലാരസം
തെല്ലതിൽ കലർത്തായ്കിൽ
കാട്ടുതീപോലെ പര-
ന്നീടുമിസ്സംരംഭത്തെ
പാട്ടുകൾ പാടി കൊടും-
കാറ്റുപോൽ സഹായിപ്പിൻ!
ഇച്ചോരച്ചൊരിച്ചലിൽ
നിന്നൂറും പുതുലോക-
സൃഷ്ടിതൻ തലക്കുറി-
യെഴുതാനൊരുങ്ങുവിൻ!!

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി : 1945 ജനുവരി 5-ാംനു, വെള്ളിയാഴ്ച


## ആക്രമണത്തിന്നുള്ള പ്രാരംഭ കൃത്യങ്ങൾ

ഈ പുതുവൎഷത്തിൽ, ഇന്ത്യയുടെ കിഴക്കായിക്കിടക്കുന്നതും ജപ്പാൻ പിടിച്ചടക്കി വെച്ചിരിക്കുന്ന പ്രദേശങ്ങളെ ലാക്കാക്കിയുള്ള ആക്രമണത്തെപ്പററി പൎയ്യാലോചിക്കുന്നതു സന്ദൎഭോചിതമായിരിക്കും.

അങ്ങിനെയുള്ള ഒരാക്രമണം ആരംഭിക്കുന്നതിന്നുള്ള ഒരു ചവിട്ടുപടി ഇന്ത്യയായിരിക്കുമെന്നു കഴിഞ്ഞ മാസം ഡൽഹിയിൽവെച്ചു ജനറൽ ആക്കിൻലക്ക് പറയുകയുണ്ടായി. "ഇന്ത്യയിൽ നമുക്കുള്ള കൃത്യം" അദ്ദേഹം പ്രസ്താവിക്കുന്നു, "ഇന്ത്യയെ ആക്രമണത്തിന്നുള്ള താവളമാക്കുക എന്നതാണ്. ഇന്ത്യയിൽനിന്നാണ് തെക്കുകിഴക്കൻ ഏഷ്യാരംഗത്തിലെ സൎവ്വസൈന്യാധിപനായ മൌണ്ട് ബാററൻ പ്രഭു ജപ്പാന്നെതിരായുള്ള തന്റെ സമരങ്ങൾ സമാരംഭിക്കുക."

യുദ്ധത്തിന്റെ ആദ്യകാലങ്ങളിൽ കമാന്റോസിനെപ്പററി നാം വളരെയൊക്കെ കേട്ടിട്ടുണ്ട്. ഇവർ ആക്രമണത്തിന്നായി പ്രത്യേക പരിശീലനം സിദ്ധിച്ച ഘടകങ്ങളാണ്. ഇവ നൽകുന്ന പരിശീലനത്തിൽ രണ്ടു പ്രധാന സംഗതികൾ അടങ്ങിയിട്ടുണ്ട്. ഈ ഭടന്മാരെ പട്ടാളക്കാരും നാവിക ഭടന്മാരും ആവുന്നതിന്നു പരിശീലിപ്പിച്ചിട്ടുണ്ട്. രണ്ടാമതായി, ഒരോരുത്തരേയും കഴിവും നൈപുണ്യവും പ്രാപ്തിയും അനുസരിച്ച വിധത്തിൽ എന്തൊക്കെയാവാൻ സാധിക്കുമൊ, അതെല്ലാം ആക്കിത്തീൎത്തിട്ടുണ്ട്. ഈ സംരംഭത്തിന്റെ തുടക്കം 1942 നവെമ്പർ 8-ാംനു വടക്കെ ആഫ്രിക്കയിൽ സംയുക്ത സമരത്തിന്നായുള്ള ഒരു പടയിറക്കമുണ്ടായ മുതല്ക്കാണ്. ഇതിന്നു ശേഷം ഈ വിധത്തിലുള്ള സമരരീതിയിലുള്ള മേധാവിത്വവും മേൽക്കിടയും സഖ്യശക്തികൾക്കാണ്. ഇററലിയിലും, ഏററവും വമ്പിച്ച തോതിലുള്ള നോൎമ്മാണ്ടിയിലെ പടയിറക്കവും ഇതിന്നു സാക്ഷ്യം വഹിക്കുന്നു.

### ഒരു പുതിയ യുദ്ധരീതി.

ജപ്പാന്നെതിരായുള്ള യുദ്ധത്തിന്റെയും തന്ത്രങ്ങൾ ഇതേ മാതിരി തന്നെയായിരിക്കും. സമുദ്രമാൎഗ്ഗമായി ഈ രംഗത്തിൽ കൂടുതൽ വിസ്തൃതിയും ദൂരവും ഉണ്ടെന്നു മാത്രം. നമ്മുടെ ഒരു പ്രധാന ശ്രദ്ധ ഇന്നു ജപ്പാന്നെതിരായ സമരത്തിന്മേലാണ്.


ഇന്നുള്ള പല പുതിയ ആയുധങ്ങളും നമ്മിൽ അത്ഭുതം ജനിപ്പിക്കും. വിമാനങ്ങൾക്കു അവ പ്രവൎത്തനരീതിയും വേഗതയും കുറിക്കുന്നതിന്നു പല പേരുകളും ഇട്ടിരിക്കുന്നതുപോലെ പടയിറക്കത്തിന്നുപയോഗിക്കുന്ന സാമഗ്രികൾക്കും അവയുടെ ഉപയോഗക്രമങ്ങളും സ്വഭാവവുമനുസരിച്ചു പല പേരുകളും കൊടുത്തിട്ടുണ്ട്. ഈ പേരുകളിൽനിന്നു അവയുടെ സ്വഭാവങ്ങൾ വ്യക്തമാവുന്നതാണ്. (സഞ്ചികയിൽ പ്രസിദ്ധം ചെയ്തിട്ടുള്ള പടങ്ങൾ നോക്കുക.)

### ഇന്ത്യയെ താവളമാക്കിയുള്ള ആകാശാക്രമണങ്ങൾ

ആക്രമണം ആരംഭിക്കുന്നതിന്നു മുമ്പു കടുത്ത പരിശീലനം നല്കപ്പെടുന്നു. ഭടന്മാർ വളരെ കരുത്തുമുള്ളവരും, ഏതൊരു പരിതസ്ഥിതിയിലും പരിഭ്രമിക്കാതെ വേണ്ടതു ചെയ്യാൻ പ്രാപ്തരുമായിരിക്കണം. അവൎക്കു അതിന്നുള്ള വൈദഗ്ദ്ധ്യവും നെഞ്ഞൂക്കും ആവശ്യമാണ്. വളരെ മാസങ്ങളോളമായി ഈ രാജ്യത്തു ഇങ്ങിനെയുള്ള പരിശീലനങ്ങൾ നടന്നുവരുന്നുണ്ട്. സഖ്യസേനകളിലുള്ള മററാരേയുംപോലെത്തന്നെ മിടുക്കന്മാരും പ്രാപ്തന്മാരുമായ ആക്രമികളാണ് ഇന്ത്യൻ ഭടന്മാരും എന്നു ബോധ്യപ്പെട്ടിരിക്കുന്നു. ഭടന്മാരായ നാവികന്മാർ, നാവികനായ വൈമാനികൻ, വൈമാനികഭടൻ,—ഇവരെല്ലാം ഇന്ത്യയ്ക്കുണ്ട്. വിമാനവാഹിതരായി, ആകാശത്തിൽ നിന്നിറക്കപ്പെടുന്ന സേനകളും ഇന്ത്യയിലുണ്ട്; ഇന്ത്യയിൽ നിപുണന്മാരായ പാരച്യൂട്ട് ഭടന്മാരുണ്ട്. ഫ്രാൻസിലും നോൎവ്വേയിലും ചെയ്ത ബോംബാക്രമണങ്ങൾ, ഏററവും വമ്പിച്ച രീതിയിലുള്ള ഒരാക്രമണത്തിന്റെ പ്രാരംഭമായിരുന്നപോലെത്തന്നെ, ബൎമ്മയുടെ കടൽക്കരയിലും മററു നഗരങ്ങളിലും ഇന്ത്യയിൽനിന്നുള്ള ബോംബാക്രമണങ്ങൾ ഉണ്ടായിട്ടുണ്ട്. ആറക്കാനിലുള്ള കടൽക്കരയിൽ പ്രത്യേകനൈപുണ്യം സിദ്ധിച്ച പട്ടാളങ്ങളെ അവിടവിടെയായി ഇറക്കിയിട്ടുണ്ട്. കമാന്റോസ് ജൎമ്മൻകാരെ അത്ഭുതപ്പെടുത്തിയപോലെ ഈ റോന്തു വൈമാനികന്മാരും, ജപ്പാൻകാരെ വിക്ഷുബ്ധരാക്കിത്തീൎക്കും.

എപ്പോഴാണ് വമ്പിച്ച തോതിൽ ആക്രമണം തുടങ്ങുക എന്നു നമുക്കറിഞ്ഞുകൂടാ. അങ്ങിനെയുള്ള സംരംഭത്തെ രഹസ്യമായി വെക്കേണ്ടതും അത്യാവശ്യമത്രേ. 1944 ജൂൺ 6-ാംനു സഖ്യസേനകൾ യൂറോപ്പിൽ പടയിറക്കമുണ്ടാവുന്നതിന്നു മുമ്പു, ഇംഗ്ലണ്ടിന്റെ തെക്കൻ കടൽപ്രദേശങ്ങളിൽ ഒരു കഠോരമായ വിധത്തിലുള്ള "സെൻസർഷിപ്പ്" ഏൎപ്പെടുത്തുകയുണ്ടായി. ഇന്ത്യയിലും അത്തരത്തിലുള്ള ഒരു വാൎത്താനിയന്ത്രണവും, താക്കീതും ഇത്തരുണത്തിൽ ആവശ്യമാണ്. അതിൽ പ്രത്യേകിച്ചു ശ്രദ്ധിക്കേണ്ടതും, അതു നടപ്പിൽ വരുത്തേണ്ടതും നമ്മൾ തന്നെയാണ്. ഈ കൂട്ടുയുദ്ധത്തിൽ നമുക്കു നല്കാനുള്ള സംഭാവന നാം മൌനം ദീക്ഷിച്ചിരിക്കുകയെന്നതൊന്നാണ്.

"യോജിച്ചാൽ നമുക്കു അധീനപ്പെടുത്താം." അതാണ് കൂട്ടുസമരത്തിന്റെ മുദ്രാവാക്യം. ഇക്കൊല്ലാവസാനമാവുമ്പോഴേക്കും, ജൎമ്മനിയുടെ സമരശക്തി തികച്ചും ക്ഷയിക്കുകയും, അങ്ങിനെ സഖ്യബലം കിഴക്കോട്ടേക്കു തിരിയുകയും ചെയ്യുമ്പോൾ നമുക്കു ഈ മുദ്രാവാക്യത്തിന്റെ അൎത്ഥം തികച്ചും മനസ്സിലാവും.



(ഇടത്തു്) മാസ് നദിയ്ക്കരികിൽ ബ്രി. സേനകൾ. (വലത്തു്) മെൻലോവിന്നടുത്തു സ്നിപ്പറുകൾ.

# ആഴ്ചക്കുറിപ്പുകൾ

## പതിനാലാം പടയുടെ പുരോഗതി

ഈ പുതുവർഷപ്പിറപ്പിൽ ബർമ്മയിൽ സഖ്യസേനകൾക്കു പുതിയ വിജയങ്ങളും കരസ്ഥമായി വന്നിട്ടുണ്ട്. ഒരിക്കൽക്കൂടി പരാക്രമം നിറഞ്ഞ 14-ാം പട തലവാചകങ്ങളിലെത്തിയിരിക്കുന്നു. യു അടുത്തുതന്നെ സഖ്യസേനകളുടെ അധീനത്തിലാകാനിടയുണ്ട്. ഇതു ജപ്പാൻകാരെ വല്ലാത്തൊരു വിഷമത്തിലാണ് ചാടിച്ചിരിക്കുന്നതു്. മാണ്ഡലിയിലേക്കു പോകുന്ന ഒരു റെയിൽപ്പാതയിലാണ് ഈ സ്ഥലം. ജനറൽ സ്ലിമിൻെറ നേതൃത്വത്തിലുള്ള പടയാളികൾ പരിചയം നേടിയവരാണ്. കാട്ടിലൂടെയും, ചിൻകുന്നുകളുടെ പർവ്വതപ്രാന്തങ്ങളിലൂടെയും പൊരുതി മുന്നോട്ടുപോയ അവർക്കു ഇപ്പോൾ വിശ്വാസത്തോടെ ജാപ്പുകളെ ബർമ്മയുടെ സമതലങ്ങളിൽ എതിരിടുന്നതിന്നുള്ള കരുത്തും കരളുറപ്പും ഉണ്ട്. ജനറൽ ഫെസ്റ്റിങ്ങിൻെറ 36-ാം വിഭാഗവും മുന്നോട്ടു കയറിക്കൊണ്ടുതന്നെയിരിക്കുന്നു. ജനറൽ സുൽത്താൻെറ കീഴിലുള്ള അമേരിക്കൻ സേനകളും ചൈനീസു സേനകളും ബർമ്മാറോഡിന്നും, ലാഷിയോ-മാണ്ഡലി നിരക്കും അടുത്തുകൊണ്ടേയിരിക്കുന്നു. ഒക്ടോബർ 15-ാംനുക്കുശേഷം 9,100 ചതുരശ്ര നാഴിക സ്ഥലം ബർമ്മയിൽ സ്വാതന്ത്ര്യമാക്കിയിട്ടുണ്ട്. ആകെ 30,000 ചതുരശ്ര നാഴികയാണ് ഇപ്പോൾ സ്വാതന്ത്ര്യമാക്കപ്പെട്ടിട്ടുള്ളതു്. കഴിഞ്ഞ രണ്ടു മാസങ്ങളിൽ മാത്രം ജപ്പാൻകാർക്കു 4,000 പേർ നഷ്ടപ്പെട്ടിരിക്കുന്നു.

## ബർമ്മയുടെ ഭൂപടം ചുരുട്ടുന്നു

പടിഞ്ഞാറെ ആഫ്രിക്കൻ സേനാവിഭാഗം ആറാക്കാനിൽ അത്ഭുതാവഹമാംവിധം മുന്നോട്ടാഞ്ഞു പോകുന്നുണ്ട്. അക്യാബു തുറമുഖത്തിന്നും സഖ്യസേനകൾക്കും ഇടയിൽ നാലു മയിൽ മാത്രമേയുള്ളു. റാത്തെഡാങ്ങ് എന്ന നദീതുറമുഖവും സഖ്യശക്തികൾക്കധീനത്തിലായിക്കഴിഞ്ഞു. ബർമ്മയെ സംബന്ധിച്ച സഖ്യസേനകളുടെ പരിശ്രമങ്ങളെ തടഞ്ഞുനിർത്തുന്നതിന്നു യാതൊന്നിന്നും സാദ്ധ്യമല്ല. ഡെയിലിഹെറാൾഡിൻെറ ലേഖകൻ പറയുന്നതുപോലെ "വടക്കുനിന്നു തെക്കോട്ടായി സഖ്യസേനകൾ ബർമ്മയുടെ ഭൂപടം ചുരുട്ടുകയാണ്." ബർമ്മയിലെ ചില സ്ഥലങ്ങളുടെ പേരുകൾ ഉച്ചരിക്കാൻ വളരെ വിഷമമേറിയതാണെങ്കിലും, യുദ്ധഗതിയെ തികച്ചും അടുത്തു മനസ്സിലാക്കുന്നതിന്നു അവ സശ്രദ്ധം നോക്കേണ്ടിയിരിക്കുന്നു. ബർമ്മ മുഴുവനും തിരിച്ചു പിടിക്കുന്നതിന്നുള്ള കിഴക്കൻ ഏഷ്യ കമാണ്ടിൻെറ പ്രവർത്തനങ്ങൾക്കു ഇന്നു കൂടുതൽ ഉഗ്രത വന്നിട്ടുണ്ട്. ഈ രംഗത്തിലുള്ള ധീരയോദ്ധാക്കൾക്കു ലഭിച്ച വിജയങ്ങൾ അവരർഹിക്കുന്നവ തന്നെയാണ്. 1945 ൻെറ ആരംഭത്തിൽ നാം, കഴിഞ്ഞ കൊല്ലത്തേക്കാളും വളരെയധികം ശോഭനമായ ഒരു ചിത്രമാണ് കാണുന്നതു്. അന്ത്യവിജയത്തിലേക്കു് ഇനിയും വഴി വളരെ ഉണ്ടാകും. പക്ഷെ വിജയം നമ്മുടെതാണെന്നു തികച്ചും ബോദ്ധ്യപ്പെട്ടുകഴിഞ്ഞു. വേനൽക്കാലം അവസാനിക്കുംമുമ്പെ ബർമ്മയുടെ മുഴുവൻ ഭൂപടവും നമുക്കു മടക്കാൻ സാധിക്കുന്നതായിരിക്കും.

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക




## ഫിലിപ്പൈനിൽ ജാപ്പുകൾക്കു കടുത്ത തോൽവികൾ

ഫിലിപ്പൈൻ ആക്രമണം ആരംഭിച്ച അവസരത്തിൽ ജാപ്പുകൾക്കു അവിടെയുണ്ടായിരുന്ന സേനാബലം 250,000 ആണെന്നു വിശ്വാസയോഗ്യമാംവിധം അധികൃതകേന്ദ്രങ്ങളിൽനിന്നറിയപ്പെടുന്നു. ഈ സംഖ്യ ശരിയാണെങ്കിൽ ലെയിററ് ദ്വീപിൽവെച്ചു് മൃതരായ 116,770 ജാപ്പുഭടന്മാർ ഫിലിപ്പൈനിലെ ജാപ്പുസേനയുടെ 40 ശതമാനമാണെന്നു് മനസ്സിലാക്കുവാൻ സാധിക്കും. ലെയിററ് ദ്വീപിൽവെച്ചുതന്നേ ജാപ്പുപടയുടെ 40 ശതമാനവും നഷ്ടപ്പെട്ടു. രണ്ടര മാസംകൊണ്ടുമാത്രം 2,748 വിമാനങ്ങളും ശത്രുവിന്നു നഷ്ടപ്പെട്ടു. ഫിലിപ്പൈൻ കടലിൽവെച്ചു ജപ്പാൻെറ 68 കപ്പലുകൾ മുക്കി. സഖ്യശക്തികൾക്കു സിദ്ധിച്ച ഈ വിജയങ്ങൾ വളരെ പ്രധാനമാണ്.

## വമ്പിച്ച ആക്രമണത്തിന്നുള്ള സംരംഭങ്ങൾ

സൂപ്പർഫോർട്രസ് വിമാനങ്ങൾ അടിക്കടി ജാപ്പാൻ സന്ദർശിക്കാറുണ്ട്. അവയുടെ പ്രധാന ലക്ഷ്യം എപ്പോഴും വിമാനനിർമ്മാണശാലകളാണ്. "കഴിഞ്ഞ കൊല്ലവുമായി താരതമ്യപ്പെടുത്തിനോക്കുമ്പോൾ ഇതു് അവിചാരിതമായ വിജയങ്ങളാണ്" എന്നാണ് ബ്രിട്ടീഷ് പാസഫിക്ക് നാവികസേനയുടെ അധിപനായ അഡ്മിറൽ ഫ്രാസർ പറയുന്നതു്. ജാപ്പു ദ്വീപുകളെ അടുക്കുന്നവരേയും നിപ്പൺ ശരിയാംവണ്ണം യുദ്ധം ചെയ്യുന്നതല്ലെന്നു് അദ്ദേഹം പറയുന്നു. മറെറാരു പേരെടുത്ത യുദ്ധവിമർശകനായ എ. ജെ. മാക്‌വിന്നിയുടെ അഭിപ്രായം ഇതാണ്: "1945 ൽ ആരംഭിക്കുന്ന വമ്പിച്ച തോതിലുള്ള ഒരാക്രമണത്തിന്നു നിർമ്മാണസംരംഭങ്ങളും മററും ധൃതഗതിയിൽ നടന്നുവരുന്നു. കിഴക്കൻ കടലുകളിൽനിന്നു ജാപ്പാൻകാരെ ആട്ടിത്തുരത്തുന്നതിന്നുള്ള ശ്രമങ്ങളുമുണ്ട്. വരുന്ന കുറച്ചു മാസങ്ങൾക്കിടയിൽ വിശേഷപ്പെട്ട സമരങ്ങളുണ്ടാവും. പക്ഷെ അതു് അന്ത്യവിജയത്തിന്നുള്ള പ്രാരംഭകൃത്യങ്ങൾ മാത്രമായിരിക്കും. ഇതിന്നിടക്ക്, വിദൂരപൌരസ്ത്യദേശത്തുള്ള ബ്രിട്ടീഷ് കടൽസേന വർദ്ധിച്ചുവരികയും ചെയ്യുന്നു."

## റണ്ട്സ്റ്റെഡ്ഡിൻെറ കണ്ടാത്രുപക്കളി


ജനറൽ ഐസൻഹോവർ പറയുകയുണ്ടായി, ജനറൽ റണ്ട്സ്റ്റെഡ്ട് പാശ്ചാത്യ രംഗത്തിലുണ്ടാക്കിയ ഒച്ചപ്പാടു ഒരു കണ്ടാത്രുപക്കളി മാത്രമാണ്—ഒരവസാനത്തെ കൈ. എന്നാൽ ഇതു വമ്പിച്ച ഒരു പരാജയമാക്കി മററുന്നതിന്നു വലിയ പ്രയാസമോ, താമസമോ ഉണ്ടാവുകയില്ല. കഴിഞ്ഞ 14 ദിവസത്തെ ഘോരസമരത്തിൽ യാതൊരു ക്രമവും കൂടാതെയാണ് ജർമ്മൻകാർ പട്ടാളത്തേയും സാമാനങ്ങളേയും യുദ്ധരംഗത്തിലേക്കു വലിച്ചിറക്കിയിരിക്കുന്നതു്. ഡിസെമ്പർ 29-ാം തിയ്യതി വന്ന ഒരു റിപ്പോർട്ട് പ്രകാരം അവർക്കു ഈയിടയിൽ 1,000 ടാങ്കുകളും രണ്ടു പാൻസർ വിഭാഗങ്ങളും നഷ്ടപ്പെട്ടതായി കാണുന്നു. മാത്രമല്ല 3,355 ജർമ്മൻ വാഹനങ്ങളും നശിക്കുകയും 1,619നു കേടുപററുകയും ചെയ്തു. ഈ കാലത്തു തന്നെ സഖ്യ വൈമാനികന്മാർ യുദ്ധരംഗത്തിൽ 35,000 ടൺ ബോമ്പുകൾ വർഷിച്ചിട്ടുണ്ട്. ജർമ്മൻകാർ ആവുന്നത്ര ഊക്കിൽ ധാരാളം സേനാസാമഗ്രികളെ പടക്കളത്തിലേക്കു നിയോഗിച്ച അവസരത്തിൽ, സഖ്യസേനാബലത്തെപ്പററി തെററിദ്ധരിച്ചിട്ടുണ്ടായിരുന്നുവെന്നതു വ്യക്തമാണ്. തങ്ങൾക്കു പിടിച്ച നാശനഷ്ടങ്ങൾ കണ്ടു, വെറിപിടിച്ച നാസികൾ ഒരു കൂട്ടം ഉന്മാദികളായി മാറിയിരിക്കയാണ്. എന്തുതന്നെയായാലും, സഖ്യശക്തികൾക്കിടയിൽ ഈ സംഭവത്തിന്നു ഒരു പ്രത്യാഘാതമുണ്ടാവാനേ ഉള്ളൂ. ജർമ്മൻകാർക്കെതിരായി കൂടുതൽ ഊർജ്ജസ്വലമായും, ക്രമവിലില്ലാതെയും പോരാടണമെന്നതു മാത്രം.

## പ്രസംഗ കോലാഹലങ്ങൾ


റണ്ട്സ്റ്റെഡ്ട് പ്രദർശിപ്പിക്കുന്ന ഉത്സാവത്തിൻെറ പിന്നിലെ യഥാർത്ഥസ്ഥിതിഗതികളെപ്പററി ഡോക്ടർ ഗോബെൽസ് വ്യക്തമാക്കുകയുണ്ടായി. ആയാൾ പ്രസ്താവിച്ചു, "ജർമ്മൻ ചരിത്രത്തിലൊരിക്കലും ഉണ്ടാവാത്ത വിധത്തിലുള്ള ഒരു ദുരിതം നിറഞ്ഞ കൊല്ലമാണ് നാം ഇപ്പോൾ പിന്നിട്ടതു്. പണ്ടൊരിക്കലും, നമ്മുടെ ജനങ്ങൾ ഇത്രമാത്രം സഹനശക്തിയോടെ വർത്തിക്കുകയും, വീര്യപരാക്രമങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്യേണ്ടിവന്നിട്ടില്ല. പലപ്പോഴും, ഈ ഭാരം നമ്മുടെ ശക്തിയ്ക്കതീതമാണെന്നു നമുക്കു പലക്കും തോന്നിയിട്ടുണ്ട്." ഈ പ്രസംഗത്തിന്നുശേഷം നാലുനാൾ കഴിഞ്ഞപ്പോഴാണ് ഗോബെൽസ് ലോകത്തോടു ഹിററ്ലറെ ആരാധിക്കാൻ പറഞ്ഞതു്! "ഹിററ്ലർ ഒരു മനുഷ്യാത്ഭുതമാണ്." ഡോക്ടർ പറയുന്നു, "അദ്ദേഹം വലിയ സൂക്ഷ്മദൃക്കാണ്. രഹസ്യമായികിടക്കുന്നതു കൂടെ കണ്ടറിയുന്നതിന്നുള്ള പ്രാപ്തി അദ്ദേഹത്തിന്നുണ്ട്." ഞങ്ങൾക്കു പറയാനുള്ളതു ഇതൊന്നുമാത്രമാണ്. ഈ വിലയേറിയ വിജ്ഞാനത്തെ ഹിററ്ലർ വളരെ കുറച്ചേ ചെലവഴിച്ചിട്ടുള്ളൂ! ഹിററ്ലറുടെ നവവത്സര പ്രസംഗം പഴയപടിയുള്ളതുതന്നെയാണ്. ബോൾഷെവിസം, മുതലാളികൾ, ജൂതന്മാർ ഇവക്കെതിരായ വാക്‌ശരങ്ങൾ. ജർമ്മൻ ജനതയുടെ കൂട്ടം കൂട്ടമായ പരാജയത്തിൻെറയും, നാശത്തിൻെറയും "സുഖമേറിയ" ചിത്രവും അദ്ദേഹം കാണിച്ചു. "രാഷ്ട്രത്തിന്നു് എതിരായിത്തിരിയുന്ന ആരേയും നശിപ്പിച്ചുകളയും" എന്ന ഭീഷണിയും ആയാൾ ഉപയോഗിക്കുകയുണ്ടായി.

## ഹങ്കറി, ഇററലി

ബുഡാപെസ്റ്റ് സമരം തുടങ്ങിയിട്ടു ഒരു മാസത്തിലധികമായി. റഷ്യൻസേന നഗരത്തിന്നുള്ളിൽ പ്രവേശിച്ചിട്ടുംകൂടി ജർമ്മൻ സേനകൾ കീഴടങ്ങുന്നതിന്നുള്ള ഭാവമില്ല. നീചവും നിന്ദ്യവുമായ വിധത്തിൽ റഷ്യൻ വക്താക്കളെ കൊല്ലുന്നതിന്നും അവർ മടിച്ചില്ല. ഇതിൻെറ ഫലം റഷ്യക്കാരുടെ ഹൃദയത്തെ കൂടുതൽ കടുത്തതാക്കിത്തീർക്കുക മാത്രമായിരിക്കും. ഇററലിയിലും, ഒരു പൊട്ടിപ്പുറപ്പെടലുണ്ടായിരിക്കുന്നു. ഇതു സൂചിപ്പിക്കുന്നതു് ജർമ്മൻ ഹൈക്കമാൻറിൻെറ ഒരു ആലോചിച്ചുറച്ച പ്ലാനനുസരിച്ചാണ് ഈ ഗതികളെല്ലാം എന്നാണ്. ഇതു മനശ്ശാസ്ത്രപരമായ ഒരു തന്ത്രമാണ്. ജർമ്മൻ മനക്കരുത്തിനെ നിലനിർത്തുന്നതിന്നും, ലോകത്തിൽ ജർമ്മൻകാരുടെ ശക്തിയെ ഉയർത്തിക്കാണിക്കുന്നതിന്നും വേണ്ടിയുള്ള ഒരു സൂത്രവിദ്യയാണിതു. യുക്തിക്കു വിധേയമാകാതേയും, വിശേഷബുദ്ധിയില്ലാതേയും അത്രമേൽ ഗർവ്വിഷ്ഠരായ ഒരു കൂട്ടം ആളുകൾ മാത്രമേ തോററുകഴിഞ്ഞ ഒരു സമരത്തിൽ വീണ്ടും പോരാടുന്നതിന്നു മുതിരുകയുള്ളൂ. ഈ തലമുറയിലുള്ള ജർമ്മനിയിലെ ആളുകൾ വല്ലാത്ത ഭ്രാന്തന്മാരാണ്. യുദ്ധാനന്തര കാലങ്ങളിൽ ഇവരെ എന്തുചെയ്യണമെന്നതു സഖ്യപക്ഷ രാജ്യങ്ങളിലെ മനഃശാസ്ത്ര വിദഗ്ദ്ധന്മാരും മനോരോഗവൈദ്യന്മാരും ആലോചിച്ചിരിക്കുകയാണ്.



വിമാനവാഹിനികളിൽനിന്നു ജാപ്പുതാവളങ്ങളെ തകൎക്കുന്നതിന്നു വിമാനങ്ങൾ പറക്കുന്നു



ഇവരും ജോലിക്കു പോകയാണു്. ജാപ്പുപ്രദേശങ്ങൾ അഗ്നികുണ്ഡമാക്കുന്നതിന്നു.

# പട്ടാളത്തിൽ ചേർന്നതിനാൽ

(കെ. സി. കെ. പണിക്കർ.)

രഘു, നീ വിചാരിക്കുന്നുണ്ടോ ഞാൻ പട്ടാളത്തിൽ ചേരാതെ, നാട്ടിൽ അലഞ്ഞു നടക്കുകയാണെങ്കിൽ, ഇത്ര മനോഹരമായ പ്രകൃതിയെ കണ്ടാനന്ദിക്കുവാനും, ചരിത്രപ്രസിദ്ധങ്ങളായ പ്രദേശങ്ങൾ സന്ദർശിക്കുവാനും സാധിക്കുമെന്ന്?

* * *

മഹാനായ അക്ബറുടെ കോട്ട എത്ര രമണീയമായിരിക്കുന്നു! ഇന്നു അതു കണ്ടാൽ ഭാരതത്തിലെ വീരയോദ്ധാക്കളുടെ കീർത്തിസ്മാരകമാണോ എന്നുകൂടി തോന്നും. കുത്തബ് മൈനർ, ഹാ! അതു എത്രയോ ദൂരത്തുനിന്നു തന്നെ നമ്മൾക്കു കാണുവാൻ സാധിക്കും. തരംഗതരളിതയായി കുതിച്ചുപായുന്ന യമുനയുടെ തീരത്തു സ്ഥിതിചെയ്യുന്ന ആ ടാജ്മഹാൾ! അതു കണ്ടപ്പോഴാണ് എനിക്കു അത്യത്ഭുതം തോന്നിയതു്. ചരിത്രകാരന്മാരുടെയും കവികളുടെയും തൂലികയിൽനിന്ന് നിരവധി ഗാനങ്ങളെയും ലേഖനങ്ങളെയും നിർഗ്ഗളിപ്പിച്ച ആ മണിഹർമ്മ്യത്തിൽനിന്നു വിട്ടുനില്ക്കുന്ന ആ ഗോപുരങ്ങൾ കണ്ടപ്പോൾ തന്നെ ഭാരതത്തിലെ ശില്പകലയുടെ വിളനിലമാണോ എന്നുകൂടി എനിക്കു തോന്നുകയുണ്ടായി.

ടാജ്മഹാളിൽ പ്രവേശിച്ചു ഓരോ സ്ഥലവും ഞാൻ സശ്രദ്ധം നോക്കുകയുണ്ടായി. ഇത്ര മനോഹരമായ ഈ ഹർമ്മ്യം ഒരുപക്ഷേ ദേവനിർമ്മിതമായിരിക്കാം എന്ന് ഞാൻ ശങ്കിച്ചുപോയി. ഒരു കാലത്തു ഭാരതാംബയുടെ ഹൃദയം ധനധാന്യങ്ങളെക്കൊണ്ടു ഇവിടെക്കിടന്നു തിരതല്ലിയിരിക്കണം. അനവധി വിടവ്പ്പുള്ളികളിൽനിന്നുണ്ടായിട്ടുള്ള ആ ഹർമ്മ്യത്തിന്റെ ഓരോ ഭാഗവും എനിക്കു അത്ഭുതത്തിന്നുമേലെ അത്ഭുതമായിരുന്നു. പിന്നീടു അതിലെ സ്തംഭങ്ങളിലൊന്നിൽ കയറുകയുണ്ടായി. തീരത്തൊഴുകുന്ന യമുനാനദി അപ്പോഴും ഒരു ഭാവഭേദവും കൂടാതെ ഒഴുകിക്കൊണ്ടിരുന്നു. അതിദൂരത്തിയല്ലാതെ അതേ തീരത്തുതന്നെ എതിരായി നില്ക്കുന്ന ഷാജിഹാൻ ഫോർട്ട് കണ്ടപ്പോൾ നൂറുനൂറു കൊല്ലങ്ങൾ പിന്നിൽ കഴിഞ്ഞ ചരിത്രങ്ങൾ ഒന്നൊഴിയാതെ എന്റെ മനസ്സിൽക്കൂടെ കടന്നുപോയി.

അത്യുത്സുകനായി വീണ്ടും ഞാൻ ദൂരത്തേക്കു നോക്കി; ആഗ്രാനഗരി മുഴുവൻ ഒരു ചിത്രത്തിൽ കാണുന്നതുപോലെ അതിൻ മുകളിലിരുന്നും എനിക്കു കാണുവാൻ സാധിച്ചു. പിന്നീടു ഞാൻ ഷാജിഹാൻ ഫോർട്ടിൽ പോയി. കോട്ടയിലെ ഓരോ ഭാഗവും; എന്നുതന്നെയല്ല ആ (പുറം ഭാഗത്തുമുള്ള) കിടങ്ങുപോലും വർണ്ണിക്കുവാൻ പ്രയാസം. ഒന്നുചെന്നു കാണുകതന്നെ വേണം. ടാജ്മഹാളിലും, ഫോർട്ടിലും "അണ്ടർഗ്രൌണ്ടി"ന്റെ ചിഹ്നങ്ങൾ കാണുകയുണ്ടായി. ഫോർട്ടിന്നുള്ളിൽ കടന്നപ്പോൾ എനിക്കു കരിങ്കൽപ്പടികൾ ചെവിയിലലക്കുന്നുണ്ടെന്നു തോന്നി. ഓരോ സംഭവവും ഒരു വലിയ പുസ്തകത്തിൽ എഴുതിയാൽ തീരാത്തത്രയുണ്ടു്. ഫാത്തിപ്പൂർ സിക്രി കണ്ടപ്പോൾ മലയാളത്തിലുള്ള "ടാജ്മഹാൾ" എന്ന പുസ്തകത്തിലെ കഥകൾ ഒരോന്നും മംതസ് മഹാളും, ഷാജിഹാനും എന്റെ നേത്രപഥത്തിൽ നിഴലിച്ചു. ഇതെല്ലാം കണ്ടപ്പോൾ ഞാൻ ഭൂമിയിൽ തന്നെയാണോ എന്നു കൂടെ അത്ഭുതപ്പെട്ടു. സഖേ! എന്തിനധികം, അനിതരസാധാരണമായ വീരപരാക്രമങ്ങളെക്കൊണ്ടു ഭാരതാംബയുടെ ഗഗനതലം മാറ്റൊലികൊള്ളിച്ചിരുന്ന രജപുത്രരുടെ പ്രധാനവാസസ്ഥലമായ രജപുത്താനയിലെക്കൊന്നു കണ്ണോടിക്കൂ. ഹാ, അതെത്ര മനോഹരമായി സ്ഥിതിചെയ്യുന്നു. ഗിരിതടങ്ങളും വനങ്ങളും കൺകളെ കുളിർപ്പിക്കുന്നവയത്രേ. എവിടെയെങ്കിലും ചെമ്മണ്ണു കാണുമ്പോൾ ഞാൻ, അതു രജപുത്രരുടെ ചുടുരക്തപ്രഭാവത്തിന്റെ ലാഞ്ഛനയാണെന്നു കൂടി ശങ്കിച്ചിട്ടുണ്ട്. റാണാപ്രതാപസിംഹന്റെ മേവാർഡ്, ഉദയപുരം അതെല്ലാം സന്ദർശിക്കുവാൻ തന്നെ സാധിച്ചു എന്നുള്ളതു എനിക്കു പട്ടാളത്തിൽ ചേർന്നതുകൊണ്ടല്ലേ? നമ്മളെ ഹഠാദാകർഷിക്കുന്ന വിന്ധ്യൻപർവ്വതനിരയും, റാണാപ്രതാപസിംഹന്റെ വനവാസവും സലിമിന്റെ വേട്ടയും അക്ബറുടെ ധിഷണയും ഒരു നോട്ടത്തിൽ കാണണമെന്നുണ്ടെങ്കിൽ ഭാരതത്തെ ഒന്നു ചുറ്റിസഞ്ചരിക്കുവാനുള്ള അവസരം ലഭിക്കുക തന്നെ വേണം.

ഭാരതത്തിലെ ഒരോ മണ്ണിൻതരിയും വീരപരാക്രമങ്ങളുടെ ചരിത്രകഥനത്തിൽ ഉത്സുകകളാണ്. മഹാരാഷ്ട്ര സിംഹമായിരുന്ന ശിവാജി മഹാരാജാവിന്റെ പരാക്രമത്തിന്നും കൌശലത്തിന്നും കിടുടങ്ങിയ പുലന്ധർ, ഗ്വാളിയോർ മുതലായ ദുർഗ്ഗങ്ങൾ മാത്രമല്ല, ഭവാനിയാൽ സ്ഥാപിതമായ ആ മഹാരാഷ്ട്രസാമ്രാജ്യത്തിന്റെ ഓരോ ഭാഗങ്ങളും ഏതൊരു യുവരക്തത്തെയാണു ചൂടുപിടിപ്പിക്കാതിരിക്കുക? ഉയർന്ന കുന്നുകളിൽനിന്നും, പാറപ്പുറങ്ങളിൽനിന്നും കാണുന്ന അറബിക്കടലിന്റെ ഇരമ്പലോടൊത്ത കല്ലോലമാലികളുടെ തല്ലലുകൾ, അസ്തമനസൂര്യനിൽ മിന്നിത്തിളങ്ങുന്ന മന്ദമാരുതൻ, കടലിലേക്കു തള്ളിനില്ക്കുന്ന ഗിരിനിരവിലുള്ള ഭവാനിക്ഷേത്രം ശിവാജിയുടെ ദുർഗ്ഗം, ഇതെല്ലാം ഏതൊന്നിന്റെ സ്മാരകമാണ് സഖേ? നമ്മളുടെ പൂർവ്വികന്മാരുടെ യുദ്ധമനഃസ്ഥിതിയുടെ അവശിഷ്ടങ്ങളല്ലേ? ഭാരതത്തിലെ സ്ത്രീരത്നങ്ങളുടെ മാണിക്യക്കല്ലായ ആ വീരതരുണിയുടെ അതേ ആ ചാന്ദ്സുൽത്താനയുടെ കീർത്തിയെ കോട്ടയും . . . അനേകം നാഴിക ദൂരം നാലു ഭാഗത്തു നിന്നും കാണുവാൻ സാധിക്കുന്ന സാലഭത്ത്ഖാന്റെ ടോമ്പ് ഒന്നു കാണേണ്ടതു തന്നെയാണ്. ചാന്ദ്സുൽത്താനയുടെ കോട്ടയ്ക്കു പുറത്തിരിക്കുന്നതും വെല്ലസ്ലിപ്രഭു സ്ഥാപിച്ചതും ആയ ആ വലിയ തോക്കും, മറ്റും കാണുമ്പോൾ ഏതൊരുവന്റെ ഹൃദയമാണു തുടിക്കാതിരിക്കുക? ഭാരതത്തിന്റെ ഏതൊരു മൂലയിലും പൌരാണികന്മാരുടെ യുദ്ധരക്തത്തിന്റെ പ്രാഭവചിഹ്നങ്ങൾ കാണാവുന്നതാണ്.

മറ്റൊരു ഭാഗം ചിത്രകലയാണ്. പെയിന്റിങ്ങിലും കൊത്തുവേലയിലും ഭാരതം പൌരാണിക കാലങ്ങളിൽതന്നെ ഉത്തരോത്തരം മുന്നോട്ടു വന്നിട്ടുണ്ടെന്നതിന്നുള്ളതിന്നു ഏക ദൃഷ്ടാന്തമല്ലെ അജന്തയിലെയും എല്ലോറയിലേയും ഗുഹകൾ. ഇതുപ്രകാരത്തിൽ എന്തെല്ലാം കാണുവാനും പഠിക്കുവാനും എനിക്കു സാധിച്ചു. രഘു, ഇത് അഭിലഷണീയമായ ഒരു നേട്ടമല്ലേ?

സുഹൃത്തേ, അപ്പോൾ ഇനിയും വളരെയധികം താങ്കളെ അറിയിക്കാനുണ്ട്. ശേഷം വഴിയെ.

# ത്യാഗിനി

(പി. കെ. കുഞ്ഞിരാമൻ പണിക്കർ)

യുദ്ധരംഗത്തിലണയുകിലെത്രയും
ബുദ്ധിമാന്മാർപോലുമന്ധരാം തൽക്ഷണം
എന്തെന്നറിയാതെ ഒരല്പിട ചിന്തിക്ക-
മന്തർഗതത്തിൽ തടിടംമറിച്ചലിൽ!
അത്രമേൽ ഭീതനാം കൃത്യങ്ങൾ, യുദ്ധഭൂ-
വത്രമേൽ വന്നുയർ്ത്ഥിയായ്ത്തോന്നിടും
പൊട്ടിത്തെറിക്കലും ചുട്ടുകരിക്കലും
ഞെട്ടിവിറക്കലും, പൊട്ടിത്തെറിക്കലും;
സർവ്വത്രഭൂകമ്പകമ്പിതം, പോക്കളം,
സർവ്വത്ര ശബ്ദായമാനം പലപ്പൊഴും.
എങ്കിലും തീരെ മടിച്ചില്ല, ഗ്രാമീണ-
കന്യക പട്ടാളസേവനം ചെയ്യുവാൻ

നിഷ്ഠുരജാപ്പുകളിന്ത്യയെയാക്രമി-
ച്ചാട്ടിനം ചേർന്നിതോ പട്ടാളചര്യയിൽ
ഇന്നവൾ ഭർത്താവൊടൊപ്പം പടക്കളം
തന്നിൽ പൊരുതുന്നു പോരിൽജയിക്കുവാൻ.
ഉന്നിദ്രതികന്ന ബോംബുവർഷങ്ങളെ-
കുന്നിക്കുരുപ്രായമാക്കിഗ്ഗണിച്ചവൾ.
നാട്ടിന്റെ മേൽഗതിയെത്തുവാനെന്നെന്നു-
മാത്മപരിത്യാഗസന്നദ്ധയാണവൾ!

II

യുദ്ധപ്പിശാചിൻ കൊതിപൂണ്ട നാക്കിനാൽ
നക്കിത്തുടച്ചുകടഞ്ഞെടുത്തിടവേ,
പുത്തൻജഡങ്ങളെ കെട്ടിപ്പിടിയ്ക്കുവേ-
യേൽക്കുന്ന ഞെങ്ങിഞെരുങ്ങലിലങ്ങനെ,
മൂർഛിച്ചുവീണമുറിയേറ്റുവന്നിടും-
കൂട്ടരെയൊക്കെപ്പരിചരിച്ചീടുവാൻ
ബദ്ധയായ്, ശ്രദ്ധാർഹമെപ്പൊഴുമോലാൽ-
കർത്തവ്യനിഷ്ഠാനിരതാഗ്രചിത്തയായ്,
ഇന്നൊരു നഴ്സായ് പ്രവർത്തിച്ചിട്ടുന്നുപോർ-
മുന്നണിതന്നിൽ മുദിതതായ് മുററിലും.

അക്കൊച്ചുഹൃത്തടംപോലത്രനിർമ്മല-
ശുഭ്രവസ്ത്രത്തിനാലാച്ഛാദിതാംഗിയായ്,
നൊമ്പരയും ഭടരുടെ സന്നിധ-
യിങ്കൽപരംസേവനോത്സുകചിത്തയായ്,
മന്ദംകുണുങ്ങികുണുങ്ങി നടക്കുമ-
ക്കുഞ്ഞു ലക്ഷ്മിയ്ക്കില്ല വിശ്രമം കുന്നിയും!
വിശ്രമിച്ചീടുവതെങ്ങിനെ നാട്ടിന്റെ-
രക്ഷയ്ക്കുവേണ്ടിപ്പൊരുതുന്ന പൂരുഷർ,
നാനാപ്രകാരം മുറിപെട്ടുവേദനി-
ച്ചാലസ്യമാണ്ടു മരണ്ടുകിടക്കവേ?
കാക്കിയുടുപ്പിന്നകത്തെഴമാഹൃത്തി-
ലിത്തിരിയാശ്വാസധാരയൊഴുക്കുവാൻ,
ആയിരമായിരം സേവിനിമാർകാള-
യാവശ്യമാണിരണ്ടുവിലെപ്പൊഴും!

# ഇന്ത്യ കടൽമാർഗ്ഗമുള്ള ആക്രമണ ത്തിന്നു തയ്യാറാവുന്നു

## വിമാനസേനയും കടൽസേനയും പട്ടാളവും ഒരേ ഒരു ഘടകമെന്ന നിലയിൽ പ്രവർത്തിച്ചുവരുന്നു

ഇന്ത്യയിലൊട്ടാകെ ഇന്ത്യൻ പട്ടാളത്തിലേയും വിമാനസേനയിലേയും, കടൽസേനയിലേയും യോദ്ധാക്കൾ സമര പരിശീലനം നടത്തിവരുന്നു. വൈമാനികന്മാർക്കും, കടൽപ്പടയാളികൾക്കും, യോദ്ധാക്കൾക്കും അവരവരുടെ അന്യോന്യാവശ്യങ്ങളെപ്പറ്റി ഉറച്ച ബോദ്ധ്യമുണ്ട്. ജപ്പാന്റെ അധീനത്തിലുള്ള തെക്കുകിഴക്കൻ ഏഷ്യയെ ആക്രമിക്കുന്ന ആ സുദിനത്തിന്നുവേണ്ട സജ്ജീകരണങ്ങൾ ചെയ്യുകയാണ് അവർ. കൂട്ടപരിശീലനകേന്ദ്രങ്ങളിൽ പരിചയം സിദ്ധിച്ച പലരും ഉണ്ട്. നോർത്ത് ആഫ്രിക്ക, ഇററലി, നോർമ്മാണ്ടി എന്നിവിടങ്ങളിലുണ്ടായ ആക്രമണങ്ങളിൽ പങ്കെടുക്കാത്തവരാണ് അവർ—ഇന്ത്യ ഇന്നു സ്വന്തമായി ബീച്ച് ഗ്രൂപ്പുകളെ പരിശീലിപ്പിച്ചിട്ടുണ്ട്. ഇതിൽ 90 ശതമാനവും ഇന്ത്യക്കാർ തന്നെയാണ്. താഴെ കൊടുത്തിട്ടുള്ള ചിത്രങ്ങളിൽനിന്ന് ആക്രമണത്തിന്റെ സജ്ജീകരണങ്ങൾ വ്യക്തമാവുന്നതാണ്.




ഇൻഫൻട്രി ലാൻഡിങ്ങ് ക്രാഫ്റ്റിൽനിന്നു പട്ടാളങ്ങൾ കരയ്ക്കണയുന്നു




ഹെഡ് ക്വാട്ടറുമായുള്ള സമ്പർക്കം



ഭടന്മാർ കാട്ടിലൂടെ മുന്നോട്ട്



പത്രറിപ്പോർട്ടർമാർക്ക് ഈ പരിശീലനപദ്ധതികളെപ്പറ്റി വിവരിച്ചുകൊടുക്കുന്നു




വാഹനങ്ങളും പട്ടാളങ്ങളും കരയ്ക്കിറങ്ങുന്നു




വാഹനങ്ങൾക്ക് ബീച്ചിലൂടെ പോകാനുതകുന്ന ഉരുക്കുപലകകൾ പതിക്കുന്നു



ഇന്നു പരിശീലനം; നാളെ ജപ്പു പ്രദേശങ്ങളിൽ ആക്രമണം



അംഫിബിയസ്സ് ഡക്കുകൾ



എററവും പുതുരീതിയിലുള്ള ലാൻഡിങ്ങ് ക്രാഫ്ററ് ടാങ്കുകൾ

# മാർഷൽ ടോൾബുക്കിൻ

## ഒരു കൃഷിക്കാരന്റെ പുത്രനായ ചുവപ്പു സേനാധിപൻ.

1942 നവെമ്പറിൽ സോവിയററ് റേഡിയോ പ്രസ്താവിക്കുകയുണ്ടായി മേജർ ജനറൽ ടോൾബുക്കിന്റെ നേതൃത്വത്തിലുള്ള സേന സ്റ്റാലിൻഗ്രാഡ് സമരത്തിൽ പ്രഖ്യാതമായിത്തീർന്നിട്ടുള്ള ഒന്നാണെന്ന്. വോൾഗയ്ക്കു പടിഞ്ഞാറായി ചെയ്ത ആ മഹാസമരത്തെപ്പററിയുള്ള സംക്ഷിപ്തവിവരണം ഇത്രമാത്രമായിരുന്നു.

ഫെഡർ ടോൾബുക്കിൻ സ്റ്റാലിൻഗ്രാഡ് ജില്ലയിലെ സൈനികനേതൃത്വത്തിലെ ഉപതലവനായിരുന്നു. ഈ സമയത്താണ് ജർമ്മൻകാർ സ്റ്റാലിൻഗ്രാഡിന്റെ നേർക്ക് പാഞ്ഞുകയറിയത്.

നഗരത്തിലെ ദക്ഷിണഭാഗത്തു ശത്രുക്കളെ എതിരിടുന്നതിന്നായി ടോൾബുക്കിൻ നിയോഗിതനായി. ആദ്യമായിത്തന്നെ ജർമ്മൻസൈനികബലത്തെ ചെറുക്കേണ്ടിവന്നതു അദ്ദേഹത്തിന്റെ സേനക്കായിരുന്നു. ശത്രുവിന്റെ പ്രഹരങ്ങൾ കനത്തതായിരുന്നുവെങ്കിലും അതെല്ലാം സഹിച്ചു ടോൾബുക്കിൻ തന്റെ സേനയെ നയിക്കുക തന്നെ ചെയ്തു.

## പ്രഖ്യാതമായ നേട്ടങ്ങൾ.

ഇതിന്നുശേഷം സോവിയററ് യുദ്ധ കമ്മ്യൂണിക്കേയിൽ ഈ ധീരയോദ്ധാവിന്റെ പേർ പലപ്പോഴും പ്രസ്താവിക്കപ്പെട്ടിരുന്നു. സ്റ്റാലിൻഗ്രാഡിൽനിന്നു ഒരു കൊല്ലം കൊണ്ടു ടോൾബുക്കിന്റെ സേനകൾ ബൽഗ്രേഡിലേയ്ക്ക് എത്തിച്ചേർന്നു. നോക്കൂ, സ്റ്റാലിൻഗ്രാഡിൽ നിന്നു ബൽഗ്രേഡിലേയ്ക്കുള്ള ദൂരം അളന്നു നോക്കിയാൽ മാത്രമേ ഈ ഗതിയുടെ വേഗത മനസ്സിലാക്കാൻ സാധിക്കുയുള്ളു. സ്റ്റാലിൻഗ്രാഡ് സമരത്തിൽ ടോൾബുക്കിൻ പതിനായിരക്കണക്കിൽ ജർമ്മൻ ഭടന്മാരെ തടവുകാരാക്കി, ശത്രുവേ കിഷിനേവിൽ ബൽഗ്രേഡിലേയ്ക്ക് അടിച്ചുകയററിയ ആ മഹൽകൃത്യം ചെയ്തത്, ഇദ്ദേഹത്തിന്റെ സേനയാണ്. ഈ പ്രസിദ്ധവും പ്രധാനവുമായ വിജയങ്ങൾ മൂലം അദ്ദേഹത്തെ സോവിയററിലെ ഒരു മാർഷലായി ഉയർത്തപ്പെട്ടിരിക്കുന്നു.

## ഒരു കൃഷിക്കാരന്റെ പുത്രൻ.

അദ്ദേഹം ഒരു കർഷകപുത്രനാണ്. പന്ത്രണ്ടു വയസ്സുവരെയും സ്വന്തം ഗ്രാമത്തിൽ തന്നെ ജീവിച്ചുപോന്നു; അതിന്നുശേഷം തന്റെ സഹോദരനൊന്നിച്ചു പീറേറഴ്സ്ബർഗ്ഗിൽ താമസിച്ചു. അദ്ദേഹം പട്ടാളത്തിൽ ചേർന്നതു 1914 ൽ ആണ്. അഭ്യന്തരയുദ്ധത്തിൽ ബോൾഷേവിക് ഭാഗം ചേർന്ന ഒരു ചുവപ്പു സേനാവിഭാഗത്തിന്റെ നേതാവായി അദ്ദേഹം അക്കാലത്തു പടവെട്ടി.

ഫെഡർ ടോൾബുക്കിന്നു അമ്പതു വയസ്സു പ്രായമെ ആയിട്ടുള്ളു. 30 കൊല്ലത്തെ ശോഭനമായ സൈനികജീവിതവും, ആയടക്കാലത്തുണ്ടായ പ്രസിദ്ധങ്ങളായ വിജയങ്ങളും അദ്ദേഹത്തിനെ മാർഷൽ എന്ന അത്യുന്നത സ്ഥാനത്തേക്കു ഉയർത്തി. ചുവപ്പുസേനയുടെ അഭിമാനസ്തംഭങ്ങളിൽ ഒന്നാണ് മാർഷൽ ടോൾബുക്കിൻ.

ഹോണറബിൾ ഫൈനാൻസ് മെമ്പർ, സർ ജെർമിറെയ്സ്മാൻ, കെ.സി.എസ്. ഇ., സി. ഐ. ഇ., 1945 ജനുവരി 7-ാംനു ഞായറാഴ്ച, വൈകുന്നേരം 9-45 നു ആൾ-ഇന്ത്യാ റേഡിയോവിൽ നിന്നു (ഡൽഹി) ഒരു പ്രക്ഷേപണ പ്രസംഗം ചെയ്യുന്നതാണ്. "സമ്പാദ്യാദ്ധ്യമാസത്തെ" കുറിച്ചായിരിക്കും അദ്ദേഹത്തിന്റെ പ്രസംഗം.

# നാസികൾ "ഭൂഗർഭത്തിലേയ്ക്കു" പോകും

[ലേഖനകർത്താവ് ഒരു "സ്വതന്ത്ര ജർമ്മനാണ്". അതായതു ഹിററ്ലരുടെ ജർമ്മനിയിൽ സ്ഥാനമില്ലാതെ നാടുകടത്തപ്പെട്ട ഒരു ജർമ്മൻകാരൻ.]

നാസികളെ ഒരൊററ പ്രഹരത്താൽ ഉന്മൂലനാശം ചെയ്യാൻ സാധ്യമാവുന്നതല്ല. ഈ യുദ്ധം മൂലം പെട്ടെന്ന് അവരുടെ പരിപൂർണ്ണനാശം ഉണ്ടാവുകയുമില്ല. ജർമ്മനിയുടെ പരാജയത്തിന്നുശേഷം പലരും ചേരിമാറിയെന്നുവരാം; എന്നാൽ ഹിററ്ലരുടെ അധഃപതനഫലമായി നഷ്ടപ്പെടാനുള്ളവരിൽ ഒരൊററ ആൾപോലും ഈ രീതിയ്ക്കു വഴങ്ങുകയില്ലതന്നെ. ജർമ്മനിയിലെ യുവാക്കൾക്ക് നാസിസത്തിൽ അത്ര ഉറച്ച വിശ്വാസം ഉണ്ട്. അവരുടെ ഹൃദയങ്ങളിൽനിന്നു ഏതൊരു പുനർവിദ്യാഭ്യാസരീതിയ്ക്കും ഈ അഭിപ്രായത്തെ പറിച്ചെടുക്കാൻ കഴികയില്ല ഇന്നത്തെ ആശയഗതി, വിശേഷപ്പെട്ട മറെറാന്നിനാൽ നീക്കംചെയ്യാത്തേടത്തോളം കാലം നാസിസം അവരിൽ വേരുറച്ചു നിൽക്കും. പരാജിതരായ നാസികൾ പശ്ചാത്തലത്തിലേക്കു പിൻമാറിനിൽക്കും; എന്നാൽ ആ സ്ഥാനത്തുനിന്നും അവർക്കു വെടിവെക്കാൻ സാധിക്കും. ഇരുട്ടായാൽ, ഒരാൾക്കും ജർമ്മൻ തെരുവുകളിലും ഇടവഴികളിലും സ്വതന്ത്രമായി സഞ്ചരിക്കുവാൻ സാധിക്കുകയില്ല. ഒരു "ഭൂഗർഭ" നാസിപ്രസ്ഥാനത്തെ, സന്നദ്ധവും സജ്ജീകൃതവുമാക്കിവെച്ചിട്ടുണ്ട്. നാസികക്ഷിക്കാർ ഇതിന്നു പ്രത്യേകം പരിശീലനശാലകൾ ഏർപ്പെടുത്തിയിട്ടുമുണ്ട്. ഇവർ പരാജയം മുൻകൂട്ടിത്തന്നെ ഗ്രഹിച്ചതുമൂലമാണ് ഈ സംരംഭങ്ങളൊക്കെ ചെയ്യുന്നത്. പുതിയ നിർദ്ദേശങ്ങളും, പുതിയ പാഠപുസ്തകങ്ങളും കക്ഷിയോഗങ്ങൾക്കു വിതരണം ചെയ്യപ്പെട്ടിരിക്കുന്നു. "നാഷണൽ സോഷ്യലിസ്റ്റാശയങ്ങൾ നശിക്കാൻ പാടില്ല. ജർമ്മനി പരാജിതമായി കീഴടങ്ങുന്നതിന്നു നിർബ്ബന്ധിതമായാലും, നമ്മുടെ ആശയം ജീവിച്ചുവരും. ആശയങ്ങളെ ആക്രമിച്ചു കീഴടക്കാൻ സാധ്യമല്ല" നാസിത്തലവന്മാരുടെ പ്രസ്താവനകളിലൊന്നാണിത്.

രാജ്യമൊട്ടുക്കും തന്നെ ഭൂഗർഭത്തിൽ നാസിസംഘടനയ്ക്കു പ്രവർത്തിക്കാനുള്ള പരിതസ്ഥിതികൾ നിർമ്മിക്കുന്നതിന്നുള്ള പ്രവർത്തനങ്ങളും പ്രസ്താവനകളും നടന്നുവരുന്നു. സോഷ്യലിസത്തിൽനിന്നു കട്ടെടുത്ത ചില അനുകരണങ്ങളിൽ അവസാനത്തേതാണ് ഈ "ഭൂഗർഭ" വാസവും. മുമ്പൊരിക്കലും തന്നെ ഹിററ്ലരുടെ കക്ഷി "ഭൂഗർഭ"ത്തിലായിട്ടില്ല. രാജ്യത്തിനകത്തും പുറത്തും അതിന്നു പ്രബലന്മാരായ സഹായികളുണ്ടായിരുന്നു. ജർമ്മൻ മുതലാളികളുടെ ഒരു ചാരൻ മാത്രമായിരുന്ന ഹിററ്ലർക്ക് അന്ന് ഇരുട്ടിൽ ഒളിക്കേണ്ട ആവശ്യകതയേ നേരിട്ടിട്ടില്ല; പക്ഷെ ആയാളുടെ ബലിവസ്തുക്കൾക്കു അതാവശ്യവുമായിരുന്നു. ആയാളുടെ നേതൃത്വത്തിലുള്ള കൊലയാളികൾക്കു ജർമ്മൻ സുപ്രീംകോർട്ട് എപ്പോഴും സഹായിച്ചു; പലപ്പോഴും ന്യായാധിപതികളുടെ ആദരവോടും അറിവോടും കൂടി മാത്രമായിരുന്നു കുററങ്ങൾ ചെയ്തുപോന്നിരുന്നതും. ഇന്ന് സ്ഥിതിഗതികൾ മാറിക്കഴിഞ്ഞിരിക്കുന്നു. ഇന്ന് നാസികൾ ശരിയ്ക്കും "ഭൂഗർഭ"ത്തിലേക്കു പോകാൻ ഒരുങ്ങിയിരിക്കുന്നു. ഹിററ്ലർ ഇല്ലാഞ്ഞാലും ആയാളുടെ ആശയങ്ങളെ നിലനിർത്തുന്നതിന്ന് അവർ ആഗ്രഹിക്കുന്നുണ്ട്.


പരാജിതമായ ജർമ്മനിയോടു വിട്ടുവീഴ്ചയും ആലസ്യവും പ്രദർശിപ്പിക്കുന്നത് അവർക്കു സഹായകരമായിരിക്കും. ജർമ്മനി എത്രമേൽ ദാരിദ്ര്യബാധിതമാകുമോ, അത്രമേൽ സൌകര്യങ്ങൾ അപ്പോൾ നാസികൾക്കു ലഭിക്കും. ഒരു കഠിനമായ സമാധാനം കൈക്കൊള്ളുന്നപക്ഷം വെറിപിടിച്ച ജനങ്ങൾ ഹിററ്ലരുടെ കാലത്തെ സ്മരിക്കാൻ തുടങ്ങും.

സമരഭൂവിൽമാത്രം പരാജിതരായതുകൊണ്ടു നാസികൾക്കു വമ്പിച്ച പരുക്കുകൾ പററുകയില്ല. മററു രംഗങ്ങളിൽ അപ്പോഴും അവർ തലയുയർത്തും അവർക്കു സഹായകമായി നിന്ന സർവ്വശക്തികളേയും വററിച്ചു തീർക്കേണ്ടതു നാസിസത്തിന്റെ വിനാശത്തിന്നുള്ള ആദ്യത്തെ ഒരു ഉപാധിയാണ്. ജർമ്മനി ഒരുപക്ഷെ ഒരു സോഷ്യലിസ്റ്റ് രീതിയിലേക്കു പുരോഗമിക്കുന്നപക്ഷം നാസികളുടെ ഭൂഗർഭവാസത്തെ തടയുവാൻ സാധിക്കും. ഒരു തികഞ്ഞ വിപ്ലവം കൊണ്ടുമാത്രമേ ജർമ്മനിയിൽ നീതിബോധത്തിന്നും ന്യായത്തിന്നും മുളച്ചു പൊന്തുവാൻ സാധ്യമാവുകയുള്ളൂ. കൊലപാതകികളും, കൊടിയ വഞ്ചകന്മാരുമായ നാസികളുടെ കുതന്ത്രങ്ങളെ തട്ടിത്തെറിപ്പിക്കുന്നതിന്നും, ആ ആശയഗതിയുടെ പ്രചരണത്തെ മുടക്കുന്നതിന്നും സോഷ്യലിസത്തിനേ കരുത്തുള്ളൂ. അതിനെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള തത്വങ്ങളിൽനിന്നു മാത്രമേ ശരിയായ ജനകീയത്വം ജർമ്മനിയിൽ വ്യാപരിക്കുകയുമുള്ളൂ. ലോകം ഈ വിഷയത്തിൽ ഒരു തെരഞ്ഞെടുപ്പു നടത്തേണ്ടിയിരിക്കുന്നു. ഒന്നുകിൽ ഒരു വിപ്ലവകരമായ ജർമ്മനി, അഥവാ പ്രതികാരേച്ഛുവും, അക്രമിയുമായ ജർമ്മനി.

ഹിററ്ലർ അദ്ദേഹത്തിന്റെ ഉററ ചങ്ങാതികളോടു ഇങ്ങിനെ പറഞ്ഞിരിക്കുന്നുപോൽ: "ആവശ്യം വന്നാൽ, ആൻഡ്രേസ് ഹോഫറെപ്പോലെ ഞാൻ പർവ്വതങ്ങളേയും കുന്നുകളേയും ശരണം പ്രാപിക്കും." (എൻറിച്ച് ബ്ലോക്.)




പാലേല്യുവിന്റെ കടൽക്കരയിൽ "അല്ലിഗേററുകൾ".



സാമാനങ്ങൾ ഇറക്കുന്ന സമയത്ത് "അല്ലിഗേററുകളും" "ഡക്കുകളും" ചലിപ്പിക്കുന്നു.

## കടലിലൂടെ പോകുന്ന


അംഫിബിയസ്സ് അല്ലിഗേററർ ടാങ്കുകൾ.






അല്ലിഗേറററിന്നു ഏതും തരണം ചെയ്യാം—ഇവിടെ അവ വാഹനങ്ങളായി ഉപയോഗിക്കപ്പെടുന്നു.


ഇന്ത്യൻ എഞ്ചിനീയർമാർ ഈ റെയിൽവെ രണ്ടു ദിവസം കൊണ്ടു പണി ചെയ്തതാണു്.




# 'ആക്രമണ' ടാങ്കുകൾ



ഈ ലാൻഡിങ്ങ് ക്രാഫ്ററ് ടാങ്കുകളിൽ ഉള്ള വലുതോക്കുകൾ കരക്കടുക്കുമ്പോൾ, ഗർജ്ജിക്കുന്നു.



മറെറാരു അമേരിക്കൻ ലാൻഡിങ്ങ് ക്രാഫ്ററ് ടാങ്ക്.



ഈ ടാങ്ക് ഗ്വഡൽക്കനാൽ ദ്വീപിന്റെ കടൽക്കരയിലൂടെ പോവുന്നു. ഈ ദ്വീപിൽ നിന്നു ജാപ്പുകളെ ഓടിക്കുന്നതിന്നു ഈ സവിശേഷ വാഹനം വളരെയധികം സഹായിച്ചിട്ടുണ്ട്.

പ്രഹസനം

# ആറന്മണമ്മൽ ഉണ്ണിയാച്ച

## അഥവാ

# ഒരു ധീരവനിത

(ടി. പി. സതിനാഥ്, വൈത്തിരി.)

[അതേ, കേരളത്തിന്നു കുറച്ചുപേരുകളാൽ മാത്രമേ അഭിമാനം കൊള്ളാനുള്ളൂ. ആറന്മണമ്മൽ ആച്ച അതിലൊന്നത്രെ. ഫ്രാൻസിന്നു് ഒരു ജോൺ ഓഫ് ആർക്കിനെപ്പററി അഭിമാനിക്കാനുണ്ടെങ്കിൽ, കേരളത്തിന്നു് ഒരു ഉണ്ണിയാച്ചയുമുണ്ടു്!

ഉണ്ണിയാച്ചയെപ്പററിയുള്ള ഈ പ്രഹസനത്തിന്നു് ഇവിടെ എന്താണു് പ്രസക്തി എന്നു പലരും ചോദിക്കുമായിരിക്കാം. പക്ഷെ, ഒരൊററവാക്കിൽ അതിന്നു മറുപടി പറയാൻ ഞെരുക്കമാണു്. കേരളത്തിന്റെ രണവീരത തികച്ചും പ്രതിഫലിച്ചിരുന്ന വീരചരിതമാണിതു്. അഭ്യസ്തവിദ്യരും, സമ്പന്നരുമായവരെയല്ല, കേരളത്തിന്റെ പാവപ്പെട്ട ബഹുജനങ്ങൾക്കു് ആവേശവും ആനന്ദവും നൽകുന്നതാണു് വടക്കൻ പാട്ടിലെ ഓരോ വരികളും. ഇതൊരു പഴഞ്ചനാഭിപ്രായമാണെന്നു ഉൽപ്പതിഷ്ണുക്കളും, ഉപരിപ്ലവബുദ്ധികളും ദൂഷ്യം കണ്ടുപിടിക്കുമായിരിക്കും. എന്നാൽ പുരോഗമനത്തിന്റെ മൂർദ്ധന്യത്തിലെത്തിയിരിക്കുന്ന സോവിയററ് റഷ്യക്കു അലക്സാണ്ടർനെവ്സ്കിയെപ്പററിയും, മഹാനായ പീററരെപ്പററിയും യുദ്ധകാലത്തു നാടോടിപ്പാട്ടുകളും, സിനിമയും, കഥകളും പ്രചരിപ്പിക്കാമെങ്കിൽ താരതമ്യേന പിന്നണിയിൽ നില്ക്കുന്ന നമുക്കങ്ങിനെ ചെയ്യുകൂടേ?

ഉണ്ണിയാച്ച ഒരു ധീരവനിതയായിരുന്നു—സോവിയററ് നാട്ടിൽനിന്നും നിങ്ങൾ കേൾക്കുന്ന ടാനിയയെപ്പോലെയും അന്നാബുക്കോവയെപ്പോലെയുമെല്ലാം പ്രത്യുല്പന്നമതിയും, അക്രമത്തെ എതിൎക്കുന്നതിന്നുള്ള ആസക്തിയും ഉള്ള ഒരുവൾ. ഉണ്ണിയാച്ച ഇന്നു ജീവിച്ചിരിപ്പുണ്ടെങ്കിൽ "ജോനകരുടെ പുള്ളപ്പ" മാററാനല്ല ഫാസിസത്തെ തോല്പിക്കാനാണു് പൊരുതുക—യു. സ. പ.]

രംഗം I

(സ്ഥലം—ആറന്മണമ്മൽ. സമയം പുലരാൻ കാലം. ഉണ്ണിയാച്ച സുഖനിദ്രയിൽനിന്നു ഞെട്ടി ഉണരുന്നു—കർട്ടൻ ഉയരുന്നു.)

അല്ല; ഞാൻ കണ്ടതായ സ്വപ്നം വാസ്തവമാണോ—അല്ലിമലക്കാവിൽ കൂത്താണെന്നും അയ്യപ്പൻ കാവിൽ വിളക്കാണെന്നുമല്ലെ ഞാൻ സ്വപ്നം കണ്ടതു്. വാസ്തവമായിരിക്കാം. ഏതായാലും വേഗം എഴുന്നേററു നിത്യകർമ്മങ്ങൾ ഒക്കെയും കഴിക്കട്ടെ. നേരം പുലരാറായോ? (അണയറയിൽ കോഴി കൂകുന്നു) ഓ ശരി! പൂങ്കോഴി ചാത്തനല്ലെ കൂകുന്നതു്. നേരം പുലരാൻ ഇനി ഏഴര നാഴികയല്ലെ ഉള്ളൂ.

(ഉണ്ണിയാച്ച എഴുന്നേററു പുറത്തുവന്നു് നീലഛായക്കൊത്ത അവളുടെ കാർകൂന്തൽ കുടഞ്ഞു കെട്ടി പുടവ ഒക്കെ കുടഞ്ഞു ഉടുത്തു. അവളുടെ നിത്യകർമ്മങ്ങൾ ഒക്കെക്കഴിഞ്ഞു വീട്ടു വേലക്കായി ആരംഭിച്ചു അടി തെളി മുതലായ കൃത്യങ്ങൾ നടത്തി കഞ്ഞിയും കറിയുമാക്കി അച്ഛൻ കിടക്കുന്ന വാതുക്കൽ ചെന്നു വിളിച്ചു.)

അച്ഛൻ: ആരാണതു് വിളിക്കുന്നതു്?

ഉണ്ണി: വിളിച്ചതു ഞാനാണു്.

അച്ഛ: എന്തിനാണു് ഉണ്ണീ! നീ ഇപ്പഴ് വിളിക്കുന്നതു്?

ഉണ്ണി: കാലത്തെ കഞ്ഞി കുടിക്കുവാനാണു് വിളിച്ചതു്.

അച്ഛ: നേരം പുലൎന്നിട്ടില്ലല്ലൊ. കഞ്ഞി കുടിക്കുവാൻ സമയമായിരിക്കുന്നുവോ?

ഉണ്ണി: നേരം പുലൎന്നിട്ടില്ല എന്നാൽ അച്ഛൻ ഒന്നു കേൾക്കണം. പുത്തൂരംവീട്ടിൽനിന്നു ഞാൻ വന്നതിന്റെശേഷം ആറന്മണമ്മൽ വന്നിട്ടു കൂത്തും വിളക്കും കണ്ടിട്ടില്ല. എനിക്കു അതിന്നു പോവണം. അല്ലിമലക്കാവിൽ കൂത്തും അയ്യപ്പൻകാവിൽ വിളക്കുമാണല്ലോ ഇന്നു്. അഞ്ചു ജനക്കാവിൽ ഇന്നു പൂരഉത്സവമാണു്. അയിലാളർ പെണ്ണുങ്ങൾ ഒക്കെ ഇന്നു പോകുന്നുണ്ടു്.

അച്ഛ: ഉണ്ണി! ഒരുകാലത്തും നിനക്കു ആ മോഹം വേണ്ട. നീ ആരെ സഹായത്തിന്നു കൂട്ടിപ്പോണു?

ഉണ്ണി: എന്റെ ഭർത്താവാണു് എനിക്കു സഹായം.

അച്ഛ: അവനുണ്ടോ പോരാനിട വരുന്നു? എന്നും പുതുശ്ശേരിയിൽ പയററാണു്. തുടങ്ങുമ്പോൾ ആയിരം നമുക്കു കിട്ടും നിൎത്തുമ്പോൾ ആയിരത്തൊന്നും കിട്ടും. എനിക്കാവട്ടെ പത്തും പലതും മക്കളില്ല. ഒരൊററ മകൻ മാത്രമല്ലെ ഉള്ളൂ. പിന്നെ അതുമല്ല നാദാപുരമെന്നു നീ കേട്ടിട്ടുണ്ടോ? വളയർകൊട്ടയെന്നൊരങ്ങാടിയും. ഈ രണ്ടു ദിക്കിലും അമ്മപെങ്ങന്മാരെ അറിയാത്ത ജോനോ (മാപ്പിള) പുളപ്പുള്ള അങ്ങാടികളാണു്. ആ ജോനോരുടെ ഇടയിൽ ആ വഴി ആൎക്കും നടന്നുകൂടാ. ഉടുത്തിട്ടാരെങ്കിലും ആ വഴി നടന്നാൽ ഉടുക്കാതെയാക്കി അയക്കുമവർ. ചമയത്തോടെ പെണ്ണുങ്ങളെ കണ്ടാൽ അവരുടെ കയ്യു പിടിച്ചു് വസ്ത്രങ്ങൾ അഴിച്ചു് നഗ്നകളാക്കി അയക്കാറു പതിവാണു്. കൂടാതെ നീയാവട്ടെ കണ്ടാൽ സുന്ദരിയായൊരു പെണ്ണു്. നിന്നെ കണ്ടാൽ അവർ മൂപ്പന്റെ മാളിക കയററും. എന്റെ മകനെ നീ കൊല്ലിക്കരുതു് കേട്ടോ.

ഉണ്ണി: അച്ഛാ! നിങ്ങൾ ഓൎന്നാൽ കണം. പുത്തൂരംവീട്ടിൽ ഒരു കുട്ടി ജനിച്ചതു വാസ്തവമാണെങ്കിൽ അഴകാട്ടുകൂടി മാത്രമെ ജനിച്ചിട്ടുള്ളൂ. ആ മാന്ത്യതറവാട്ടിലെ പെണ്ണുങ്ങൾ ആണുങ്ങളെ കൊല്ലിച്ചതായി നിങ്ങൾ കേട്ടിട്ടുണ്ടോ?

അച്ഛ: ശരി! നീ അമ്മയോടു പോയി ചോദിക്കൂ:

(ഉണ്ണിയാച്ച അമ്മ ഉറങ്ങുന്ന മുറിയുടെ വാതുക്കൽ വന്നു വിളിക്കുന്നു.)

അമ്മ: എന്തിനാണു് വിളിക്കുന്നതു്?

ഉണ്ണി: എഴുന്നീട്ടു കഞ്ഞി കുടിക്കണം.

അമ്മ: കഞ്ഞി കുടിക്കാൻ കാലായോ? നേരം പുലൎന്നില്ലല്ലോ, എന്താ ഇത്ര ബദ്ധപ്പാടു്?

ഉണ്ണി: മറെറാന്നുമല്ലമ്മേ! പുത്തൂരംവീട്ടിന്നു വന്നതിൽപിന്നെ വേല, പൂരം ഞാൻ കണ്ടിട്ടില്ല. ആയതിനാൽ എനിക്കു ഒന്നു പോവണം.

അമ്മ: നീ ആരെ തുണകൂട്ടി പോണു ?

ഉണ്ണി: എന്റെ ഭർത്താവുണ്ടല്ലോ എനിക്കു തുണ.

അമ്മ: ആ മോഹം നിണക്കു വേണ്ട. എനിക്കു ഒരൊററ ആൺകുഞ്ഞു ഉള്ളൂ. അതിനെ നീ കൊല്ലിക്കരുതു്. നിച്ച് പാണനെ തുണകൂട്ടി പോയ്ക്കോ.

ഉണ്ണി: (മുഖം വാടിയിട്ടു) പുത്തൂരംവീട്ടിൽ ജനിച്ചവരായ പെണ്ണുങ്ങൾ പാണനെ തുണകൂട്ടി പോയിട്ടില്ല. നിങ്ങളുടെ സമ്പ്രദായം നിങ്ങൾ പറഞ്ഞുവെന്നു മാത്രം. പണ്ടും ഞങ്ങൾ ചേകോന്മാർ അത്തരക്കാരല്ല. അമ്മ ഒരിടത്തു പോകുമ്പോൾ അച്ഛൻ ഒന്നിച്ചു പോവാറുണ്ട്.

അമ്മ: എന്റെ മകനെ നീ കൊല്ലിക്കരുതെ. എനിക്കു ഒരൊററ മകനല്ലെ ഉള്ളൂ !

ഉണ്ണി: (ദേഷ്യത്തോടെ) ഞാൻ പുത്തൂരം വീട്ടിൽ ജനിച്ചവളാണെങ്കിലും കണ്ണപ്പന്റെ പൊന്മകൾതന്നെയാണെങ്കിലും വീര്യത്തോടെ ജനിച്ചിട്ടുള്ളവളാണെങ്കിലും ഞാൻ പോവാതിരിക്കില്ല, നിശ്ചയം തന്നെ. (പോകുന്നു).

(തിരശ്ശീല വീഴുന്നു.)

## രംഗം II.

(സ്ഥലം—കുഞ്ഞിരാമന്റെ കിടപ്പറ.)

(ഉണ്ണിയാർച്ച അവനെ വിളിച്ചുണർത്തി ഉമിക്കരിയും വെള്ളവും കൊടുത്തു. അവൻ മുഖം കഴുകി ഭസ്മക്കുറി ഒക്കെ വലിച്ചതിന്റെശേഷം ആർച്ച കഞ്ഞി കൊണ്ടുകൊടുത്തു. കഞ്ഞി കുടിച്ചുകൊണ്ടു ഇരിക്കെ ഉണ്ണിയാർച്ച കൊഞ്ചികുഴഞ്ഞു പ്രവേശിക്കുന്നു. തിരശ്ശീല ഉയരുന്നു.)

ആർച്ച: ഒാ ! കേട്ടില്ലെ ഞാൻ പുത്തൂരംവീട്ടെന്നു ആറും മണമ്മൽ വന്നതിന്റെശേഷം അല്ലിമലക്കാവിൽ കൂത്താവട്ടെ അയ്യപ്പൻകാവിലെ വിളക്കൊ അഞ്ജനക്കാവിലെ പൂരഉത്സവമൊ കണ്ടിട്ടില്ല. ആയതിനാൽ നിങ്ങൾകൂടി എനിക്കു തുണയായി പോരണം.

കുഞ്ഞി: നിണക്കെന്താ ഭ്രാന്താണോ ? എനിക്കു കളരിയിൽ പോവാതെ ഇരിക്കവയ്യ. ഞാനെന്തു ചെയ്യട്ടെ. കൂടാതെ നീ ഭോഷത്വം പറയല്ല. നാദാപുരം എന്നതു തന്നെ മാപ്പിളമാരുടെ പുളപ്പുള്ള നാടാണു്. നിന്നെ അവർ കണ്ടുവെന്നാൽ അക്ഷണം നിന്നെ പിടിച്ചുകൊണ്ടു പോവും. ആയതിനാൽ ആ ഒരൊററ മോഹം നീ വിട്ടുകളയു.

(ഇത്രയും കേട്ടതായ ആ ധീരയായ ആർച്ച ഉടനെ എണ്ണയും താളിയുമെടുത്തു കുളക്കടവിൽ പോയി കുളികഴിച്ചു മടങ്ങിവന്നു അറ തുറന്നു. ആഭരണപ്പെട്ടി വലിച്ചുവെച്ചു പച്ചപട്ടെടുത്തുടുത്തു സ്വർണ്ണക്കമ്മലും ഏഴു ചുററുള്ള മാലയും മുത്തു പതിച്ച മാലയും എന്നു വേണ്ട സ്വർണ്ണംകൊണ്ടു ആകമൂടിയ ഒരു സുന്ദരീരത്നമായി തീർന്നു. ഉറുമി എടുത്തു അരയിൽ പൂട്ടി തന്റെ കടുത്തലമെടുത്തു പുറത്തിറങ്ങുന്നു.

ഇതു കണ്ടതായ കുഞ്ഞിരാമൻ: ആർച്ചേ ! നീ മാനക്ഷയം കൊടുക്കുകയാണോ ? നിന്നെ ചൂരൽകൊണ്ടു ഞാൻ മയക്കും, കരുതിക്കോളൂ.

ആർച്ച: അച്ഛനും അമ്മയും എന്നെ അടിച്ചിട്ടില്ല. എന്റെ ഗുരുനാഥനും അടിച്ചിട്ടില്ല. എന്നിട്ടല്ലേ . . . . (പടിയിറങ്ങി പോവുന്നു). (തിരശ്ശീല വീഴുന്നു).

## രംഗം III.

(സ്ഥലം—കളരിങ്ങൽത്തറ. സമയം—8 മണി.)

(ആർച്ച ആൽത്തറ കയറി ഇരുന്നു ചെല്ലമെടുത്തു വെററിലമുറുക്കും കഴിച്ചു ആങ്ങളയുടെ വരവും പാർത്തിരിക്കുന്നു. അപ്പഴക്കും ആ വഴി ആങ്ങളയുടെ ശിഷ്യന്മാർ വന്നടുക്കുന്നു. തിരശ്ശീല പൊങ്ങുന്നു)

ശിഷ്യർ: അല്ല, ഇതെവിടെക്കാണു് യാത്ര ?

ആർച്ച: അല്ലിമലക്കാവിൽ കൂത്തും വേലയും കാൺമാൻ. ജ്യേഷ്ഠന്റെ വരവും പാർത്തിരിക്കുകയാണ്.

ശിഷ്യർ: ഏതായാലും നിങ്ങൾ ഇവിടെ ഇരിക്കുന്നതു ശരിയല്ല. ജോനോപുളപ്പുള്ള നാടാണ്. കൂടാതെ ചേകവർ അറിഞ്ഞാൽ കുററമുണ്ടാകും.

ആർച്ച: ഇല്ല. ജ്യേഷ്ഠന്റെ ഒപ്പം ഞാൻ പോകുന്നതാണു്. ആരും തുണയില്ലാതെ വന്നതല്ലെ ?

ശിഷ്യർ: ചേകോർ കളരി പയററും കഴിഞ്ഞു കാലത്തെ പോയല്ലൊ.

ആർച്ച: എന്റെ ഭർത്താവു ഇവിടെ വരും. എട്ടും പൊട്ടും തിരിയാത്ത മനുഷ്യനാണു് അയാൾ. ഒന്നിച്ചു വരാം.

ശിഷ്യർ: നിങ്ങൾ ധീരയായ ഒരു തരുണി തന്നെ. നിങ്ങൾക്കു ഏതായാലും സമ്മാനം തരണം. മുണ്ടുവിരിക്കുവിൻ.

(ആർച്ച മുണ്ടു വിരിച്ചു ശിഷ്യർ അയ്യപ്പൻ പണം അയ്യായിരം പൊലിക്കുന്നു. അപ്പഴക്കും ആർച്ചയുടെ ഭർത്താവ് കുഞ്ഞിരാമൻ വന്നു ചേർന്നു. ആർച്ച ഇരുന്നേടത്തു നിന്നു എഴുന്നീററു ഭർത്താവിനെ ആദരിച്ചു. കുഞ്ഞിരാമനും ഇരിക്കുന്നു.)

ആർച്ച: നിങ്ങൾ എന്തിനായിട്ടാണു് ഇപ്പോൾ വന്നതു്. അച്ഛന്റെയും അമ്മയുടെയും അനുവാദം വാങ്ങിയിരിക്കുന്നുവോ ?

കുഞ്ഞി: അവരുടെ അനുവാദം വാങ്ങീട്ടാണു് വന്നതു. അല്ലയൊ പെൺമണി ! നമ്മൾക്കാരാണു് തുണ ? നാദാപുരത്തങ്ങാടിയിൽകൂടി പോണം. ജോനോപുളപ്പുള്ള അങ്ങാടിയാണതു. ഏതായാലും ദൈവവിധിപോലെ വരട്ടെ. പോവുക തന്നെ.

(ആൽത്തറയിറങ്ങി മുമ്പിൽ ആർച്ചയും പിമ്പെ കുഞ്ഞിരാമനും പോകുന്നു.) (തിരശ്ശീല വീഴുന്നു.)

## രംഗം IV.

(സ്ഥലം—നാദാപുരത്തങ്ങാടി. ആർച്ചയും കുഞ്ഞിരാമനും പ്രവേശിക്കുന്നു. തിരശ്ശീല ഉയരുന്നു)

ജോനോകർ: ഇതാരുടെ വരവെന്നതറിഞ്ഞില്ലല്ലൊ ? എഴുന്നള്ളത്തു നാലും ഇങ്ങട്ടു കടന്നു പോയി. ഓ, അതാ നോക്കീൻ സുന്ദരിയായ ഒരു പെണ്ണതാ വരുന്നു. ഇത്തരം പെണ്ണുങ്ങൾ ഈ അള്ള പടച്ച ദുനിയാവിലുണ്ടോ. എന്തൊരു മവുത്തുമുള്ള പെണ്ണു്. ആദിത്യശോഭയെന്നൊ പറയേണ്ടു. അവളുടെ ആഭരണം കണ്ടാൽ രാജപത്ന്യയെന്നു തോന്നും. ഭൂമിയിൽനിന്നു മുളച്ചതാണൊ. ഇവളെ ഞമ്മന്റെ പെണ്ണുങ്ങൾ കണ്ടാൽ നാണിച്ചു പോവല്ലൊ ? ഇവളെന്തായാലും ഞമ്മന്റെ മൂപ്പനു് ചേർന്നവളാണു്. ഇവളെ ബിട്ടയച്ചുകൂടാ. മൂപ്പനെ അറിയിക്കതന്നെ. (എല്ലാവരും ഓടിപ്പോയി മൂപ്പനോടു വിവരം പറയുന്നു.)

മൂപ്പൻ: ഏതായാലും രാജപദവിക്കു സ്വീകരിക്കണം—പറ നിറച്ചുപൊന്നും പണവും വെക്കണം. (ജോനോകർ പറനിറയെ പൊന്നും പണവും നിറച്ചു എല്ലാം അടിച്ചുതളിച്ചു കുരുത്തോല ചമയങ്ങൾ തൂക്കി—ഒക്കേയും ആഡംബരപൂർണ്ണങ്ങളാക്കി വെക്കുന്നു—തിരശ്ശീലയുടെ മറെറാരു വശത്തുകൂടി—ആർച്ചയും ഭർത്താവും വന്നുപ്രവേശിക്കുന്നു.)

കുഞ്ഞി: (ജോനോരുടെ നില്പ്കണ്ടു ഭയപ്പെടുന്നു) അച്ഛനും അമ്മയും പറഞ്ഞതു എനിക്കിവിടെ ഒത്തു. (വിറക്കുന്നു.) കളരി പരമ്പര ദൈവങ്ങളേ ! എന്റെയാർച്ചേ ! ഇവിടെ വലഞ്ഞല്ലൊ ദൈവങ്ങളേ !

ആർച്ച: എന്റെ അച്ഛന്റെ മനസ്സുണ്ടെങ്കിലും ആങ്ങളയുടെ മനസ്സുണ്ടെങ്കിലും നിങ്ങൾ ഭയപ്പെടേണ്ട. പെണ്ണായ ഞാൻ വിറക്കുന്നില്ല. ആണായ നിങ്ങൾ ഇങ്ങിനെ വിറക്കുന്നവ ല്ലോ. കഷ്ടം ; ജോനോകർ ആയിരം വന്നോട്ടെ കൊള്ളട്ടെ, വിരോധമില്ല. പുത്തൂരംവീട്ടിൽ ജനിച്ച ഒരൊററ പെണ്ണുപോലും അവരുടെ ഭർത്താവിനെ കൊല്ലിച്ചിട്ടില്ല. ധൈര്യമവലംബിക്കൂ. (ആർച്ചയുടെ വരവുകണ്ടു മാപ്പിളമാർ തൊപ്പിയെടുത്തു ആചാരംചെയ്തു ആർച്ചക്കു കാഴ്ചവെക്കുന്നു.)

ആർച്ച: നിങ്ങൾ എന്തിനായിട്ടാണു് കാഴ്ചവെച്ചതു്. (ഇതുകേട്ടപ്പോൾ അവരുടെ മുഖഭാവങ്ങൾമാറി. വടിയും ഉലക്കമായിട്ടു ആർച്ചയെ വളയുന്നു. പിടിക്കീനെടാ അവനെ പിടിച്ചു കെട്ടീനെടാ—അവളെ ഞമ്മക്കു കോണ്ടോണം—എന്നു ആർക്കുന്നു) ആർച്ച അവളുടെ ആഭരണങ്ങൾ ഒക്കേയും അഴിച്ചു കിഴിമേൽവെച്ചു.)

ആർച്ച: പൊന്നിന്നാണു് നിങ്ങൾക്കു ആഗ്രഹമെങ്കിൽ ഇതാ എടുത്തോളൂ. കയ്യ്‌ലെ എന്റെ മെയ്യു് തൊടരുതു്.

ജോനോ: ഞങ്ങൾക്കു പൊന്നു ആവശ്യല്ല—ഞങ്ങന്റെ മൂപ്പന്നു ചേർന്ന പെണ്ണാണു് നിയ്യ്. നിന്നെ ഞങ്ങൾ അയക്കില്ല. പിടിച്ച പിടിയാലെ കൊണ്ടുപോവുന്നതാണു്.

(ഇത്രയും കേട്ട ആർച്ച അരയും തലയുമുറപ്പിച്ചു അരയിൽനിന്നു ഉറുമി എടുത്തു നനമുണ്ടു് അരയിൽച്ചുററി നേരിട്ടുനിന്നു—ആ വീരരമണി, അതെ—ഭാരതാംബയുടെ ധീരപുത്രി.)

ആർച്ച: കോപത്തോടെ ആണുപെണ്ണുമല്ലാത്ത കയ്യന്മാരേ ! എന്നോടു നിങ്ങൾക്കു ആശയുണ്ടെങ്കിൽ എന്റെ കയ്യുവന്നു പിടിച്ചോളൂ. തല്ലിനൊ മറെറാ വന്നവരാണെങ്കിൽ എന്നോടു നേരിട്ടുവന്നോളൂ. നാദാപുരത്തങ്ങാടി ജോനോപുളപ്പുള്ള നാടാണെന്നുപണ്ടുപണ്ടെ ഞാൻ അറിഞ്ഞിട്ടുണ്ടു്. ജോനോരുടെ ആ വമ്പു ഞാൻ കുറക്കുന്നതാണു്. എന്താണു വെറുതെ പകച്ചു നില്ക്കുന്നതു് ? എന്നാൽ ഇതാ നോക്കി തടുത്തോളൂ. (ആർച്ച അങ്കക്കലികൊണ്ടു് വിറക്കുന്നു. അവൾ പകരി തിരിഞ്ഞൊന്നു നിന്നു കുതിരച്ചാട്ടം ഒന്നു പാഞ്ഞു അഞ്ഞൂറും മുന്നൂറും ജോനോകർ അവിടെ മറിഞ്ഞുവീണു. അവിടെ നിന്നു അവൾ രണ്ടാമതൊന്നു മറിയുന്നു. പതിനെട്ടാൾ ഉയരത്തിൽ പൊങ്ങുന്നു ആർച്ച ; ആരൊമൽ ആങ്ങളതന്നാണു ഞാൻ ജോനോരുടെ പൊടി പൊടിച്ചു പാററുന്നതാണു്. ഈ ദുഷ്ടന്മാരുടെ മദം ഒന്നടക്കിയല്ലാതെ ആർച്ച അടങ്ങില്ല. ചേകോരുടെ ആ പാവന നാമം കേട്ടപ്പോൾ ജോനോകർ ആലില

പറക്കംപ്രകാരം മൂപ്പന്റെ അടുക്കലേക്ക ഓട്ടുന്നു. എലിവിറക്കംപോലെ വിറക്കുന്നു.

മൂപ്പൻ : എന്താണ് നിങ്ങൾ ഇങ്ങിനെ വിറക്കുന്നത് ?

ജോനോ : കൂട്ടത്തോടെ മരിപ്പാൻ ഇടയായി തീൎന്നല്ലൊ ?

മൂപ്പൻ : ഉം, എന്തെ പററിയത് ?

ജോനോ : ആളെ അറിയാതെ അടുത്തതാണ്. ആരോമൽ ചേകോരുടെ ഓമനപെങ്ങൾ ആൎച്ചയാണത്. മൂപ്പൻ തലചുററി വീഴുന്നു. മൂപ്പത്തി പ്രവേശിക്കുന്നു. ഹും, പണ്ടും ഞാൻ പറയാറുണ്ടല്ലൊ സ്ത്രീകളാരാനും വന്നാൽ അവരുടെ മാനഭംഗം ചെയ്യരുതെന്നു. ഞാൻ പലതവണ പറയാറില്ലെ ? മൂപ്പന്നു വെള്ളംകൊടുക്കുന്നു. ബോധംവന്നു എഴുനീററിരിക്കുന്നു.

മൂപ്പൻ : അയ്യൊ എന്റെ കാക്കാമ്മാരെ എനി എന്താണു വേണ്ടത് പറയു. ക്ഷണമാവട്ടെ. അവരെ ഇണക്കി അയക്കണമല്ലൊ. പ്രിയെ, കുഞ്ഞിപ്പൂമാ! നീതന്നെ പോയി പറയണം. നിങ്ങൾ രണ്ടുപേരും പെണ്ണുങ്ങളല്ലെ.

കുഞ്ഞിപ്പൂമാ : പണ്ടു ഞങ്ങൾതമ്മിൽ കണ്ടു പരിശമില്ല. പിന്നെ ഇരുനാവുള്ള പെണ്ണാണ്. മച്ചുനിയൻ ചന്തുനെ അടിച്ചോളാണ്.

മൂപ്പൻ : വല്ലതും നി കാഴ്ച കൊണ്ടുപോവണം— കുഞ്ഞിപ്പൂമ—പൊൻതളികയെടുത്തു കെട്ടോടെ വെററിലയും പാക്കമെടുത്തു ആടികുഴഞ്ഞു കൊണ്ടു പോകുന്നു. (തിരശ്ശീല വീഴുന്നു.)

## രംഗം V

(സ്ഥലം—ആൽത്തറ. ആൎച്ചയും കുഞ്ഞിരാമനും നില്ക്കുന്നു—ഒരു ഭാഗത്തുകൂടി കുഞ്ഞിപ്പൂമ പൊൻതളികയുമേന്തി പ്രവേശിക്കുന്നു—തിരശ്ശീല ഉയരുന്നു,)

കുഞ്ഞിപ്പൂമാ : അല്ലയൊ പണ്ഢാത്യാരേ! അറിയാഞ്ഞാൽ ആന പടലല്ലയൊ, അറിവുള്ള നിങ്ങൾ പൊറുക്കേണ്ടതല്ലേ. കൂടാതെ നിങ്ങൾ അച്ഛന്റെ ശിഷ്യരാണ്. ഒരു പിഴ അറിയാതെ പിഴച്ചാൽ അതൊക്കെ ക്ഷമിക്കേണ്ടതു സ്ത്രീ ധൎമ്മമല്ലെ—അതല്ലെ സ്ത്രീകളുടെ ധൎമ്മം.

ആൎച്ച : കുഞ്ഞിപ്പൂമാ! ആ ഒരൊററവാക്ക എന്നോടു പറയരുതെ. ജോനോകരുടെ കുറുമ്പും വമ്പും കുറച്ചുവെച്ചിട്ടേ ഞാൻ അടങ്ങുകയുള്ളു. അതാണ് സ്ത്രീധൎമ്മം. മനസ്സിലായൊ ? (ഇത്രയുംകേട്ടു പൂമാബീബി മടങ്ങി. മൂപ്പനോടു ചെന്നു വിവരം പറയുന്നു.)

മൂപ്പൻ : എന്നാൽ ഉടനെ രാജാവിന്റെ കോവിലകത്തുപോണം. കാഴ്ചയുംവെച്ചു വിവരം പറയണം. (ഉടനെ കാക്കാമ്മാർ അഞ്ഞാഴി പണവുമെടുത്തു കോവിലത്തേക്ക ഓടുന്നു—തമ്പുരാട്ടിയെ കണ്ടു താണുവണങ്ങുന്നു.)

തമ്പുരാട്ടി: എന്തിനാണ് ജോനോകർ വന്നതു ?

ജോനോ : നാട്ടിൽ പൊറുത്തുകൂടാതെ ആയിരിക്കുന്നു. അവിടെ ഒരു പെണ്ണ് വന്നിട്ടു വമ്പിച്ച ബഹളമൊക്കെ നടത്തുന്നു. ഒരു തീയ്യകുലത്തിലെ പെണ്ണാണ്.

തമ്പുരാട്ടി : എവിടുത്തെ പെണ്ണാണവൾ ?

ജോനോ : പുത്തൂരംവീട്ടിലെ ഉണ്ണിയാൎച്ചയാണ്.

മ്പുരാട്ടി : ഓഹോ ; അവളാണൊ ? അവളോടു പറയുവാൻ എന്നാൽ ആവില്ല. ഞങ്ങളെപോലുള്ള പദവിയും രാജധാനിയും അവൾക്കുണ്ട്. ഇവിടെ ഒരു കാൎയ്യം വന്നാൽ ആരോമൽചേകവരും അവിടെ വന്നാൽ ഇവിടുന്നും പോയിതീൎത്തുവരാറുള്ളതാണ്. അവരുടെ ആങ്ങിള ആരോമരെ ഉടനെ വരുത്തുവിൻ. എന്നാൽമാത്രമെ ഒരു തീരുമാനം ഉണ്ടാവുകയുള്ളു.

ജോനോ : അവിടുന്നു ഞങ്ങളെ രക്ഷിക്കണം.

തമ്പു : ഉം, ഞാൻ പറഞ്ഞുനോക്കാം. പല്ലക്കിൽ കയറി ആൽത്തറക്കൽ എത്തിയതായി നടിക്കുന്നു.

തമ്പു : ഉം, എന്തെ എവിടെക്കാണു യാത്ര ?

ആൎച്ച : അല്ലിമലക്കാവിൽ കൂത്തുകാൺമാൻ പോകയാണ്. നാദാപുരത്തങ്ങാടിയിൽ വരുമ്പഴക്കും ഈ കയ്യൂക്കുള്ള കയ്യന്മാർ വന്നുവളഞ്ഞു. എന്റെ കയ്യ് പിടിക്കുവാനും മാനഭംഗം വരുത്തുവാനും ശ്രമിച്ചു—ആരോമുണ്ണി ആങ്ങിളവന്നു തീൎത്തുകൊള്ളും. ഇവരുടെ ഈ സ്വഭാവം ഇതോടെ അവസാനിക്കണം. അല്ലാത്തപക്ഷം ഈ ധീരയായ ഞാൻ അടങ്ങുകയില്ല.

തമ്പു : ഛേ, ആൎച്ചെ നിന്റെ അച്ഛന്റെ ശിഷ്യന്മാരല്ലെ ? അവരുടെ അറിവില്ലായ്മ പൊറുക്കേണ്ടതല്ലെ ?

ആൎച്ച : ആ വാക്കമാത്രം നിങ്ങൾ പറയരുതേ.

തമ്പു : എന്നാൽ ഞാൻ പോകുന്നു. ഉണ്ണിയാൎച്ചയുടെ കയ്യ് പിടിച്ച് ഒരു കനകവള സമ്മാനിച്ചു പോകുന്നു. (തിരശ്ശീല വീഴുന്നു.)

## രംഗം VI

(സ്ഥലം—ചെട്ടിയുടെ പീടിക—ജോനോകർ പ്രവേശിക്കുന്നു—തിരശ്ശീല പൊന്തുന്നു.)

ചെട്ടി : ഉം, എന്താവന്നത് ? സംഗതി പറയു.

ജോനോ : എടവട്ടത്തങ്ങാടി ആൽത്തറമേൽ ഒരു തീയനും തീയ്യത്തിയും വന്നിരിക്കുന്നുണ്ടു. ഞങ്ങളൊക്കെ എത്ര പറഞ്ഞിട്ടും ഇറങ്ങിപോകുന്നില്ല.

ചെട്ടിയാൻ : ഇത്രക്കും വമ്പന്മാർ ആരാണ് ? (പൊൻമെതിയടിയുമെടുത്തു കാലിന്നിട്ടു മത്തുക്കുടയും പിടിച്ചു പുറപ്പെട്ടു ഏകദേശം ആൽത്തറ അടുത്തുവന്നതും ചെട്ടിയാൻ ആൎച്ചയെകണ്ടു ബ്രെയിക്കിട്ടവണ്ടിപോലെ നിന്നുപോവുന്നു.

ചെട്ടി : ഹേ, കാക്കന്മാരെ! വേഗത്തിൽ ഒരു ഓലകൊണ്ടുവരണം. (കാക്കന്മാർ ഓല കൊണ്ടുകൊടുക്കുന്നു. ചെട്ടിയാൻ ഓലയിൽ എഴുതി ചേകവൎക്ക കൊടുത്തയക്കുന്നു. അല്ലിമലക്കാവിൽ ഉണ്ടായിരിക്കും. ഉടനെ പോവണം— കാക്കാന്മാർ—പിള്ള—പടച്ചോനെ എന്നുംപറഞ്ഞു ഓടിപോകുന്നു—ചെട്ടിയാൻ കുടയും പൂട്ടി ആൽത്തറ അരികത്തുചെന്നു. ചെട്ടി : അല്ല, എവിടെക്കൊരുങ്ങിയ യാത്രയാണ് ?

ആൎച്ച : അല്ലിമലക്കാവിൽ കൂത്തുകാൺമാൻ വേണ്ടി പുറപ്പെട്ടതാണ്. അങ്ങിനെ ഞങ്ങൾ രണ്ടുപേരും നാദാപുരത്തങ്ങാടിയിൽ എത്തിയ ഉടനെ ജോനോകർ വന്നു വളഞ്ഞു എന്റെ കയ്യ് പിടിക്കാനും മാനഭംഗം വരുത്തുവാനും ശ്രമിച്ചു.

ചെട്ടി : അറിവില്ലാത്തവരല്ലേ, അറിവുള്ള നിങ്ങൾ പൊറുക്കേണ്ടതല്ലേ ?

ആൎച്ച : ആ വാക്കമാത്രം നിങ്ങൾ പറയരുത്. ഈ വഴിക്ക ഇവരുടെ ഇടയിൽകൂടി ഒരു സ്ത്രീക്ക വഴി നടന്നുകൂടാതെ ആയിരിക്കുന്നു. എന്റെ അച്ഛനൊ ആങ്ങിളയൊ ഇവരുടെ വമ്പുവെപ്പിച്ചിട്ടില്ല. ആയതിനാൽ ഞാൻ തന്നെ അതിന്നായിട്ടു ഒരുങ്ങുകയാണ്. അവരുടെ പൊടി ഞാൻ തുള്ളിക്കും.

ഇത്രയും പറഞ്ഞു നില്ക്കുമ്പോഴേക്ക ആരോമൽ ചേകവരും ശിഷ്യന്മാരും വന്നടുക്കുന്നു. ഉണ്ണിയാൎച്ച ജ്യേഷ്ഠന്റെ കാല്ക്കൽ വീണു നമസ്കരിക്കുന്നു.

ചേകോർ : അറിയാതെ പിഴച്ചപിഴ അറിവുള്ള നമ്മൾ പൊറുക്കേണ്ടതല്ലെ ? ഹെ, ജോനകരെ മൂപ്പനെ വരുത്തുവിൻ (ജോനോകർ മൂപ്പനെ വിവരം അറിയിക്കുന്നു. മൂപ്പൻ പലവിധകാഴ്ച സാധനംങ്ങളുമെടുത്തു വരുന്നു. ആരോമരെ കണ്ടതായ ഉടനെ വായ്ക്കു കയ്യുംപൊത്തിനില്ക്കുന്നു.)

ആൎച്ച : ഹെ മൂപ്പാൻ, പിടിയ്ക്കു എന്റെ കയ്യ്. ഞാൻനിന്റെപെണ്ണായിട്ടുനില്ക്കാം. പിടിയ്ക്കു. ഇതിലാണ് നിന്റെ ധൈൎയ്യം കാണേണ്ടത്.

മൂപ്പൻ : ബാവാ, പടച്ചോനെ, തമ്പുരാനെ, ഞാൻ ഇതൊന്നും അറിയുകയില്ലേ. എന്റെ പെങ്ങളും നിങ്ങളും എനിക്ക ഒക്കും. കൂടാതെ നിങ്ങടെ അച്ഛന്റെയും ആങ്ങിളേടേയും ശിഷ്യരല്ലെ ഞങ്ങൾ ? ഇത്രയും പറഞ്ഞു കാല്ക്കൽ വീഴുന്നു.

ചേകോൻ : ഉണ്ണീ, ആൎച്ചെ, കുനിഞ്ഞു കാൽ പിടിച്ചാൽ കുടഞ്ഞു ചവിട്ടുന്നതു് ശരിയാ ? അതിനാൽ നീ അവരെ രക്ഷിക്കണം. അതാ ഇക്കാണുന്നതൊക്കയും നിണക്ക വെച്ച കാഴ്ചകളാണ്. ആൎച്ച അതൊക്കയും എടുത്തു പട്ടിൽകെട്ടി ആററംമണമ്മലേക്ക എത്തിക്കുവാൻ ചെട്ടിയാനെ ഏല്പിക്കുന്നു. ആരോമർ സഹോദരിയുടെ കയ്യും പിടിച്ചു കൂത്തും വേലയും കാൺമാൻ പുറപ്പെട്ടു പോവുന്നു.

(തിരശ്ശീല)

## രംഗം VII

ചെട്ടിയാൻ : ഇത്തരത്തിലുള്ളതായ സ്ത്രീകളുടെ ആ പാവനനാമങ്ങൾ എന്നെന്നും കേരളത്തിലെ കെടാവിളക്കായി പ്രകാശിക്കുകയും കേരളീയരുടെ ഐശ്വൎയ്യവും കീൎത്തിയും നിലനിൎത്തുവാനും—ഭാവിയിലെ കേരളീയ സഹോദരികൾക്ക ഒരു മാതൃക ചിഹ്നമായി ആൎച്ചയുടെ ഈ ധീരകൃത്യം എന്നും നിലനിന്നു പോരുമാറാകട്ടെ !”

ജോനോകർ എല്ലാവരും—അതെ—അങ്ങിനെ തന്നെ—ആൎച്ച നീണാൾ വാഴട്ടെ . . . . . (ജോനൊകരും ചെട്ടിയാനും പോകുന്നു.)

(ആററുംമണമ്മൽ ഉണ്ണി ആൎച്ചയും കുഞ്ഞിരാമനും കൂത്തും വേലയും കണ്ടു സന്തോഷിച്ചു തിരികെ നാദാപുരത്തങ്ങാടിയിൽ കൂടി പുത്തൂരം വീട്ടിലേക്ക തന്നെ മടങ്ങിവന്നു. നാദാപുരത്തുനിന്നു കിട്ടിയതായ പണവും പൊന്നും അമ്മായി അമ്മയുടെ കയ്യിൽകൊടുത്തു. അമ്മായി മുല്ലമാല കയ്യിൽ കിട്ടിയ കുരങ്ങച്ചാരെപ്പോലെ ആനന്ദംകൊണ്ടു മതിമറന്നു എല്ലാം അറയിൽ വെച്ചു പൂട്ടുന്നു.)

“ആൎച്ചയെ പോലെയുള്ള ധീരവനിതകൾ ഭാരതത്തിന്റെ അഭിമാനസ്തംഭങ്ങൾ ഉയൎത്തുമാറാകട്ടെ.”

(തിരശ്ശീല വീഴുന്നു.)

ശുഭം.

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLISHED BY THE DIRECTOR OF WAR PUBLICITY, "VICTORY HOUSE", MOUNT ROAD, MADRAS.